പട്ടണത്തിന്റെ മദ്ധ്യത്തിൽ ഒരു ലാഡ്ജിലാണു താമസം. കൂടെ ഒരു സ്നേഹിതനും. സ്നേഹിതനെന്നു ഭാവത്തിൽ മാത്രം. കുടില ഹൃദയമാണ് ആ സുന്ദരനിൽ കുടികൊണ്ടിരുന്നതെന്ന് എങ്ങനെ അറിയാൻ കഴിയും? ദുഷ്ടതകൾ മൂൎത്തീകരിച്ച ഒരു സ്നേഹഘാതകൻ. കാഴ്ചയിൽ സുമുഖനെങ്കിൽ യഥാർത്ഥത്തിൽ വിരൂപൻ. പട്ടണത്തിൽ പഴക്കംകൂട്ടും അയാൾക്ക്, കൂട്ടുകെട്ടുകൾ ദുഷിച്ചവരുമായി മാത്രം, അയാളുടെ കാഴ്ചയിൽ തെററായിട്ട് യാതൊന്നുമില്ല. മനസ്സാക്ഷി എന്നൊന്ന് അയാൾക്ക് ഉണ്ടോ എന്തോ? എനിക്കു നിശ്ചയമില്ല. അയാളുമായുള്ള താമസം ആദ്യം എനിക്ക് രസിച്ചില്ല. അതിനിടയാക്കിയ വിധിയെ ഞാൻ വൃഥാ പഴിച്ചു. എന്തിന് ഞാൻ ഒളിക്കുന്നു? കുറെ ദിവസത്തിനകം ഞാനും അയാളുടെ വലയിൽ കുടുങ്ങി.

എല്ലാററിനും വേണം പണം—മനുഷ്യനെ മൃഗമാക്കുന്ന പണം. അതിനുവേണ്ടി അയാൾ എന്നെ ആത്മാർത്ഥം സ്നേഹിക്കുന്നതായി നടിച്ചു. ഞാൻ അയാളുടെ ചാപല്യങ്ങൾക്കെല്ലാം അധീനനായി. സ്വന്തം ആവശ്യംപോലും നീക്കിവച്ച് ഞാൻ സ്നേഹിതനെ സഹായിച്ചു. കൊടുക്കാനില്ലെന്നായപ്പോൾ അയാൾ എന്നെ ഭത്സിക്കുകയും ഉപേക്ഷിക്കുകയും ചെയ്തു. ഞാൻ സ്നേഹിതന്റെ കോപത്തിനും ദ്രോഹത്തിനും പാത്രവുമായി. സ്നേഹത്തിന്റെ പ്രതിഫലം!

സഹപാഠികളുടെ പരിഹാസം ഒരു വശത്ത്, പണത്തിന്റെ ഞെരുക്കം മറുവശത്ത്. എന്താണു ചെയ്യുക. ക്ലാസിൽ എങ്ങനെ ചെല്ലും ഫീസു കൊടുക്കാതെ? ഹൃദയം ഉഴലുകയാണ്. ഇത്രയ്ക്കുമാത്രം ഞാൻ ചെയ്ത തെറ്റെന്ത്? ഒരു സ്നേഹിതനെ സഹായിച്ചതു് എങ്ങനെ തെററാകും? മനസ്സാക്ഷി പറയുന്നുണ്ട് ഞാൻ തെററുകാരനല്ലെന്ന്. പക്ഷേ, ലോകം വിധിക്കുന്നു ഞാൻ തെററുകാരനാണെന്ന്. കാരണം, സ്നേഹിതനെ വേണ്ടതുപോലെ അറിയാത്തതിന്—അവന്റെ ദുർന്നടത്തയ്ക്ക് പണംകൊടുത്ത് സഹായിച്ചതിന്. ഹാ! എന്തൊരു ലോകം!

ഏകനായി, മൂകനായി, ഞാൻ കഴിയുകയാണ്. ഒരായിരം ചിന്തകൾ ഹൃദയത്തിലുദിച്ചുയൎന്നു താഴുന്നു. ആത്മാവ് ഉപദേശിക്കുന്നു പരമാൎത്ഥം ലോകത്തെ അറിയിക്കാൻ. ലോകം എങ്ങനെ വിശ്വസിക്കും? എങ്ങോട്ടു തിരിഞ്ഞാലും അവമാനം—അവഹേളനം. എനിക്കു തോന്നി, ഞാൻ ജനിക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്ന്.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# ശിഥില ചിന്തകൾ

*Abraham George—IV U. C.*

സൂര്യൻ അസ്തമിക്കാറായി. ആകാശത്തിന്റെ തീച്ചൂളയിൽ പകൽ മുഴുവൻ വച്ചൂതിയപ്പോൾ ഉരുകി തങ്കവർണ്ണം പൂണ്ട സൂര്യഗോളമെടുത്ത് സന്ധ്യ നീരാഴിയിൽ മുക്കുവാൻ ഭാവിക്കുന്നു. നീലനീരാഴിപ്പരപ്പിനോട് ക്രമത്തിൽ അടുത്തുകൊണ്ടിരുന്ന അരുണവർണ്ണം കലർന്ന സൂര്യബിംബത്തെ കണ്ണിമയ്ക്കാതെ നോക്കിക്കൊണ്ട് ഞാൻ പശ്ചിമചക്രവാളത്തിനഭിമുഖമായി നില്ക്കുകയാണ്. അന്തിക്കതിരവന്റെ ചെങ്കതിരുകൾ തരുശിഖരങ്ങളിൽ വരുത്തിക്കൂട്ടുന്ന, ക്ഷണികമെങ്കിലും, ഹൃദയംകവരുന്ന വിവിധവർണ്ണങ്ങളും, വിടർന്നുതുടങ്ങിയ കുസുമങ്ങളുടെ സൗരഭ്യം കവർന്നു മന്ദംമന്ദം വീശുന്ന ശീതളമാരുതന്റെ തലോടലും എന്നെ ചിന്താമഗ്നനാക്കുന്നതിന് തികച്ചും പര്യാപ്തമായിരുന്നു.

ഒരായിരം ചിന്തകൾ ഒരു നിമിഷത്തിനകം എന്റെ ഹൃദയത്തിലൂടെ പാഞ്ഞുപോയിക്കാണും—വേദനയും കയ്പും കലർന്ന പഴയ അനുഭവങ്ങൾ, ആനന്ദവും സംതൃപ്തിയും ചേർന്ന മധുരസ്മരണകൾ, മനംതകരുന്ന ചിന്തകൾ—എല്ലാം ഒന്നിനുപുറകെ ഒന്നായി മായുകയാണ്. ചഞ്ചലമായ മനസ്സ് ഒന്നിലും സ്ഥിരമായി നില്ക്കുന്നില്ല. ഹൃദയം എന്തിനോവേണ്ടി ദാഹിക്കുകയാണ്.

ശോകസമ്പൂർണ്ണമായ പഴയ കാലങ്ങളിൽ കിടന്നു നരകിച്ചു. പഴയതിനെ തട്ടിത്തകർത്തിട്ട് പുതിയതിനെ കെട്ടിപ്പടുക്കണം. നിരാശകളും വേദനകളും ഒന്നൊന്നായി അകലണം. എനിക്കും ചിരിക്കണം, സന്തോഷിക്കണം, ആനന്ദിക്കണം. അത് എന്റെ അവകാശമല്ലേ?

ഞാൻ ഓർക്കുകയാണ്. ഓർക്കുന്തോറും വേദന ഉദിക്കുന്നു. സന്തോഷം അസ്തമിക്കുന്നു, ആനന്ദം തകരുന്നു. പലരും ഉപദേശിക്കുന്നുണ്ട് ഇങ്ങനെ ഓർക്കരുതെന്ന്. പക്ഷേ, ഓർക്കാതെന്തുചെയ്യും. ഞാനും മനുഷ്യനല്ലേ?

എന്റെ ജീവിതത്തിലെ ചില സത്യങ്ങൾ.........പൂർവകാലസംഭവങ്ങൾ—അല്ല, എനിക്കു പററിയ ചില പരാജയങ്ങൾ ഞാൻ നിങ്ങളുടെ മുൻപിൽ നിരത്തിവയ്ക്കുകയാണ്. എന്തിന്? എന്റെ ഹൃദയത്തിന്റെ ഭാരം കുറയ്ക്കാൻ. ഞാൻ നിങ്ങളുടെ ക്ഷമയെ പരീക്ഷിക്കുന്നില്ല.

സൂര്യബിംബം അലയാഴിയിൽ താഴ്ന്നു. കറുത്ത പക്ഷത്തിലെ അരുകു തേഞ്ഞ ചന്ദ്രബിംബം വിളർച്ചയോടെ ഉദിച്ചെങ്കിലും ക്രൂരിരുട്ടിനെ അകററാൻ അതിനു കഴിഞ്ഞില്ല. മന്ദപവനൻ കൊടുങ്കാററായി രൂപംപൂണ്ട് തെങ്ങിൻതലകളെ കുലുക്കിമറിക്കുന്നു. തണുപ്പിനു ശക്തി വർദ്ധിക്കുന്നു. അതൊന്നും ഞാൻ അറിയുന്നില്ല. അങ്ങകലെ തിരമാലകളുടെ ഇരമ്പലും, തെങ്ങോലകളുടെ മർമ്മരവും, കൊടുങ്കാററിന്റെ ചീററലും പ്രകൃതിയെ ക്ഷോഭിപ്പിക്കുന്നുണ്ട്. പക്ഷേ, അവയൊന്നിനും

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# പൂവിനോട്

K. J. Kurup—IV U. C.

(കേക)

I

ഉത്തമലതികയിൽ
കുലകന്യകയെപ്പോലെ
നൃത്തമാടീട്ടും ഫുല്ല
സൂനമേ ജയിക്ക നീ.

കാലമാം കലാകാരൻ
ചേലെഴും ചായത്തിനാൽ
നിന്നിലിന്നഭൗമമായ്
മേന്മകൂട്ടുന്നു, പക്ഷേ,

ഇന്നു ഞാൻ കാണും സ്നിഗ്ദ്ധ
സൗന്ദര്യമതിന്നുപോം
പുല്ലിന്മേൽ ചലിക്കുന്ന
തൂമഞ്ഞു കണികപോൽ;

കാൽക്ഷണനേരം കൂടി
നീ നിന്നാൽ ഫലമെന്തേ!
കോമളകുസുമം നീ
അടർന്നു നിലം പററും.

II

ഓരോരോ തരത്തിലായ്
പുറമേ കാട്ടും നല്ല
നേരിയ വർണ്ണങ്ങളി-
മ്മാനവഹൃദന്തത്തിൽ

എത്രയോ നവീനമാം
പൊൻകിനാക്കളാനയേ,
ഇത്തിരിനേരംകൊണ്ടു
നീ രചിപ്പതു പാർത്താൽ;

ദിവ്യകാമുകന്മാരാ-
മളികളെത്തുന്നേരം
നവ്യമാം മധുവൂട്ടി
സൽകാരം ചെയ്യുന്നു നീ;

കൊച്ചുകാററിനെപ്പോലും
കിക്കിളികൂട്ടികൊണ്ടു-
ണ്ടച്ഛമാം സൗരഭ്യത്തിൻ
വാഹിനിയൊഴുക്കുന്നു.

ഓരോരോ ചലനത്തിൽ
ദിവ്യമാം പ്രഭാപൂര-
മോരാതെ സുവ്യക്തമായ്
കാട്ടി നീ വിലസുന്നു.

മാദക സൗന്ദര്യത്താൽ
പുഞ്ചിരിതഞ്ചും ചുണ്ടാൽ
മോദമോടേകുന്നീലേ
ശാന്തിതൻ സന്ദേശവും.

III

മൊട്ടിട്ടും പ്രായത്തിങ്ക—
ലെത്തിനോക്കുവാനാരും
കൂട്ടുകാരല്ലാതില്ല
ചുററുമന്നാന്ധ്യം തന്നെ.

ഫുല്ലമായെന്നാൽ നിൻെറ
മട്ടോലും ചലനത്താ-
ലല്ലലങ്ങെല്ലാം തീർത്തു
മാനവരാഹ്ലാദിക്കും.

രോഗം എന്നെ കിടപ്പിലാക്കി. സഹായത്തിനു് എനിക്കു് ആരുമില്ല. വീട്ടിൽനിന്നു് എഴുത്തുമില്ല, പണവുമില്ല. മരിക്കാൻ ഞാൻ തയ്യാറാണു്. എന്നാൽ അതിനുമുൻപു് എന്റെ പരമാർത്ഥം—നിരപരാധത്വം — അറിയിക്കുവാൻ ഒരു ആത്മമിത്രത്തെ കണ്ടുപിടിക്കണമെന്നു് എനിക്കു് ഒരാഗ്രഹമുണ്ടു്. സാധിക്കുമോ എന്തോ?

അച്ഛൻ അയച്ച എഴുത്തും പണവും കിട്ടി. എന്നെ സ്നേഹിക്കുന്ന ഒരാളെങ്കിലും ഉണ്ടല്ലോ എന്നോർത്തപ്പോൾ എനിക്കു് അല്പം ആശ്വാസം തോന്നി. ഞാൻ കത്തു പൊട്ടിച്ചു വായിച്ചു. എന്നെ ഉള്ളഴിഞ്ഞു സ്നേഹിക്കുന്ന പിതാവു്, എന്റെ ദയനീയനില എങ്ങനെയോ അറിഞ്ഞു് എന്നെ നേരിട്ടു കാണുവാൻ കൊതിച്ച ആ സ്നേഹസ്വരൂപം പെട്ടെന്നു് അതിനു തരമാവാതെ രോഗഗ്രസ്തനായെന്ന വിവരം ഞാൻ ധരിച്ചു. എന്തൊരത്യാഹിതം! ഞാൻ നിലവിളിച്ചു. പക്ഷെ, ശബ്ദം പൊങ്ങിയില്ല. ലോകം മുഴുവൻ പമ്പരംപോലെ കറങ്ങിയാലുള്ള അനുഭവമാണു് അപ്പോൾ എനിക്കുണ്ടായതു്.

ഞാൻ രോഗവിമുക്തനായി. സ്നേഹം നിറഞ്ഞ ഒരു ഹൃദയത്തെ ആരാഞ്ഞു നടക്കുകയാണു്. കല്ലും, മുള്ളും, കാടും, മേടും, ചവുട്ടി എത്ര നടന്നാലും വേണ്ടില്ല, എത്ര കഷ്ടതയനുഭവിച്ചാലും വേണ്ടില്ല—ആദർശശുദ്ധിയുള്ള ഒരു ഹൃദയം, ആത്മാർത്ഥസ്നേഹത്തിനു വില കല്പിക്കുന്ന ഒരു ഉത്തമമിത്രം ലോകത്തിലുണ്ടോ എന്നറിയണം. അതാണെന്റെ ആഗ്രഹം.

കൂരിരുട്ടിലും മിന്നാമിനുങ്ങു പ്രകാശിക്കാറില്ലേ? ചേററിലും പങ്കജം ഉത്ഭവിക്കാറില്ലേ? നിരാശനായിത്തീന്ന എന്നിലും ആശാദീപം തെളിയുകതന്നെചെയ്തു. ഒരു പരിപാവനസ്വരൂപം അല്പം അകലെ എന്നെ നോക്കി പുഞ്ചിരി തൂകിക്കൊണ്ടു നില്ക്കുന്നതു ഞാൻ കണ്ടു. എന്തൊരു തേജസ്സ്! എന്റെ ഹൃദയം ശാന്തമായി. ഇരുട്ടിൽ കിടന്നവൻ വെളിച്ചം കണ്ടാലെന്നപോലെ ആശ്വാസാനന്ദങ്ങളോടെ ഞാൻ ആ സ്നേഹസ്വരൂപത്തെ ആലിംഗനം ചെയ്യാൻ മുന്നോട്ടു നീങ്ങി. ഞാൻ അടുക്കുന്തോറും അതു് അകന്നു മാറുകയാണുണ്ടായതു്. ഒടുവിൽ അതു് മറയുകയും ചെയ്തു.

എന്റെ ആശകൾ നിശ്ശേഷം നശിച്ചു. ആത്മാർത്ഥതയ്ക്കു് ഈ ലോകത്തിൽ സ്ഥാനമില്ലെന്നു ഞാനറിഞ്ഞു. പരാജയം സമ്മതിച്ചു് ഞാൻ പായുകയാണു്....... വീണ്ടും അന്ധകാരത്തിലേയ്ക്കു്......തകരുന്ന ചിന്തകളുമായി.

---

നമ്മുടെ ജയങ്ങളും സുഖങ്ങളും ദൈവത്തിന്റെ അനുഗ്രഹങ്ങളും, പരാജയങ്ങളും ദുഃഖങ്ങളും അദ്ദേഹത്തിന്റെ പരീക്ഷണങ്ങളും ആണെന്നറിക.

---



VOLLEY BALL TEAM 1954-'55



FOOT BALL TEAM 1954-'55



CRICKET TEAM - 1954 - '55



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# സാഹിത്യത്തിലേയ്ക്കു്—ഒരു നോട്ടം.

*N. Ramachandran Pillai—III U. C.*

സാഹിത്യമെന്നാലെന്തു്? എന്ന ചോദ്യത്തിനു് പണ്ഡിതന്മാരിൽനിന്നും നമുക്കു ലഭിക്കുന്ന ഉത്തരം പല തരത്തിലായിരിക്കും. അതിവിചിത്രങ്ങളായ അവരുടെ അഭിപ്രായങ്ങളിൽ ഏതാണു് സ്വീകാര്യം, ഏതു സ്വീകാര്യമല്ല എന്നു നിർണ്ണയിക്കുക വിഷമം തന്നെയാണു്. നോക്കുക. സാഹിത്യത്തെപ്പററി ശ്രീമാൻ പുത്തേഴത്തു രാമൻമേനോൻ ഇങ്ങനെ പറയുന്നു. "ആരാലും വർണ്ണിക്കപ്പെടാവുന്നതല്ല സാഹിത്യം. അതു ബ്രഹ്മമാണു്, പ്രപഞ്ചമാണു്, ബ്രഹ്മാണ്ഡവുമാണു്. അതു് മനുഷ്യനെ വിട്ടതും, ദൈവത്തെ കവിഞ്ഞതും ആണു്" (സാഹിത്യാഭിരുചി). ഇപ്പറഞ്ഞതു് തനിക്കുതന്നെ മനസ്സിലായിട്ടില്ലെന്നു് അദ്ദേഹം സമ്മതിക്കുന്നുണ്ടു്. "ഞാനെന്തോ പറഞ്ഞു. നിങ്ങൾക്കു വല്ലതും മനസ്സിലായോ അഹോ? എനിക്കു തന്നെയും മനസ്സിലായിട്ടുണ്ടോ? എന്നിട്ടു വേണ്ടേ നിങ്ങൾക്കു മനസ്സിലാകുവാൻ?" സാഹിത്യത്തിൽ പ്രതിഷ്ഠ നേടിയിട്ടുള്ള 'വടക്കുംകൂർ' എഴുതുന്നു. "സാഹിത്യത്തിന്റെ ഉത്പത്തി ആത്മാവിൽനിന്നാണു്. അതു് ആരെയും പ്രീണിപ്പിച്ചു് ആനന്ദപരവശരാക്കുന്നു. ബ്രഹ്മത്തിനുണ്ടെന്നു വേദാന്തികൾ പറയുന്ന 'സാന്ദ്രാനന്ദാവബോധാത്മകമനുപമിതം കാലദേശാവധിഭ്യാം നിർമ്മുക്തം' എന്നിത്യാദിധർമ്മങ്ങൾ ഏതെങ്കിലും ഒരു കലയ്ക്കുണ്ടെങ്കിൽ അതു് സാഹിത്യത്തിനു മാത്രമാണു്" (സാഹിത്യഹൃദയം).

സാഹിത്യകാരൻ കൂടിയായ തിരുവിതാംകൂർ സർവ്വകലാശാലയിലെ ജന്തുശാസ്ത്ര വകുപ്പിന്റെ മേലദ്ധ്യക്ഷൻ ഡോക്ടർ ഭാസ്കരൻനായരുടെ അഭിപ്രായവും വടക്കുംകൂറിന്റേതിൽനിന്നു വ്യത്യസ്തമല്ല. "കല ഒരുതരം യോഗാഭ്യാസമാണു്. കല അതിന്റെ ആത്യന്തികയത്നത്തിലും ലക്ഷ്യത്തിലും ബ്രഹ്മവിദ്യയോടു തുല്യമാണെന്നു് എനിക്കു തോന്നുന്നു. പരാൽപരമായ ചൈതന്യത്തിന്റെ സാക്ഷാത്കാരത്തിനുവേണ്ടിയാണു് അതും ആയാസപ്പെടുന്നതു്" (കലയും കാലവും).

ഡാക്ടർ എസ്. കെ. നായരുടെ അഭിപ്രായത്തിൽ സാഹിത്യാദികലകളുണ്ടാകുന്നതു് ഉറക്കത്തിൽനിന്നും സ്വപ്നത്തിൽനിന്നുമാണെന്നാകുന്നു. അദ്ദേഹം പറയുകയാണു്. "കലാകാരനു് അയാളുടെ ഉപാധിയായിരിക്കണം ഉറക്കമരുന്നായിത്തീരേണ്ടതു്. അതു കൈയിലെടുക്കുമ്പോൾ അയാൾ ഉറങ്ങണം. സാഹിത്യകാരനു ഭാഷ, ശില്പിക്കു കല്ലും മരവും മണ്ണും ചിത്രകാരനു വർണ്ണം, ഗായകനു നാദം ഈ ഉപാധികൾ അവരെ ബോധമണ്ഡലത്തിൽ നിന്നും ഉപബോധമണ്ഡലത്തിലേയ്ക്കു് ഇറക്കിവിടണം. ജാഗ്രദവസ്ഥയിൽനിന്നും സ്വപ്നാവസ്ഥയിലേയ്ക്കു മയക്കി വിടണം" (കലാചിന്തകൾ).

അപ്രാപ്യം, അവർണ്ണനീയം, യോഗാഭ്യാസം, സ്വപ്നം ഇവയൊന്നുമല്ലാതെ, സാഹിത്യം മനുഷ്യന്റെ ജീവിതവ്യാപാരങ്ങളുമായി ബന്ധപ്പെട്ടതാണെന്നു പറയുന്ന സാഹിത്യകാരന്മാരും അപൂർവ്വമല്ല. "ജീവിതവ്യാപാരങ്ങളുടെ പിന്നിൽ അവയ്ക്കു പ്രേരക

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

## പൂവിനോട്

മഴയും കൊടുങ്കാററും
നിന്നെയിട്ടലട്ടിയാ-
ലേഴപോലവശയായ്
മാഴ്കുമെന്നിരുന്നാലും
അല്പജീവിതത്തിൻെറ
സുന്ദര സാരള്യത്തെ
ജല്പനം ചെയ്യുന്നില്ലേ
മൂകഭാഷയിൽക്കൂടി.

* * * * *

തരുലതപ്പടർപ്പിലായ്
തലചായ്ച്ചുറങ്ങാതെ
തരിക ഞങ്ങൾക്കു നിൻ
ജീവിതവിശുദ്ധികൾ.

---

കഥാകഥനത്തിൻെറ ആവിർഭാവം ഭാരതീയരിൽനിന്നാണ്. ആ കലാസൃഷ്ടിയുടെ അവകാശികൾ മററാരുമല്ല. ഋഗ്വേദ കാലംതൊട്ടേ ലളിതവും പ്രസന്നവുമായ ഭാഷയിൽ ഭാരതത്തിൽ കഥകൾ എഴുതപ്പെട്ടിരുന്നതായി ഗവേഷകരിൽ പലരും പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഭാരതീയരായ നമുക്ക് ന്യായമായി ലഭിക്കേണ്ട ഈ കീർത്തി ഭാഗ്യദോഷത്താൽ 'ഈസോപ്പിൻെറകഥകളും' (Aesop's Fables) 'അറേബ്യൻ നൈററ്സും' (Arabian Nights) രചിച്ച അന്യദേശീയരാണ് നേടിയിരിക്കുന്നത്. ഈ കഥകളിൽ മിക്കവയുടെയും ഉത്ഭവം ഭാരതത്തിലാണെന്നുള്ള പരമാർത്ഥം അറിയാത്തവർ വളരെച്ചുരുക്കം.

---

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ച്ചിട്ടുണ്ടാവാം. പക്ഷെ, ആനന്ദം മാത്രമായിരുന്നോ കലയുടെ അടിസ്ഥാനം? പാട്ടു പാടുമ്പോൾ രസം തോന്നും; ആനന്ദമുണ്ടാകും, ശരിയാണ്. എന്നാൽ രസിക്കാനും ആനന്ദിക്കാനുമുള്ള ആഗ്രഹമല്ല പ്രാകൃത കലകൾക്ക് പ്രചോദനം നൽകിയത്. പാട്ടും നൃത്തവുമെല്ലാം സാമൂഹ്യാദ്ധ്വാനത്തിന്റെ കാഠിന്യത്തെ ലഘൂകരിക്കാൻ ഏറെക്കുറെ സഹായിച്ചിരിക്കാം.

ആദ്യകാലത്ത് കലാകാരന്മാർ എന്നൊരു പ്രത്യേക ജനവിഭാഗമുണ്ടായിരുന്നില്ല. വേടൻ സമുദായത്തിലെ ചിത്രകാരനായിരുന്നെങ്കിൽ ഇടയനും കവിയും ഒരാളായിരുന്നു. കർഷകനും കഥാകാരനും വ്യത്യസ്തരായിരുന്നില്ല. ഉത്പാദനരീതി അഭിവൃദ്ധിപ്പെട്ടതിനോടൊപ്പം സമുദായം വർഗ്ഗങ്ങളായി പിരിഞ്ഞു. അതിന്റെ ഫലമായിട്ടായിരിക്കണം പഴയ സ്ഥിതിക്ക് മാററം നേരിട്ടത്. അങ്ങനെ സാമൂഹ്യബോധത്തിന്റെ ഒരു സ്വതന്ത്രരൂപമെന്ന നിലയിൽ കല വളർന്നിരിക്കണം.

ഇന്നും സാഹിത്യകാരൻ സാമൂഹ്യജീവിയിൽനിന്നും ഒററപ്പെട്ടവനല്ല. ഉദാഹരണത്തിന് 'ഇന്ദുലേഖ' എന്ന നോവൽ നോക്കുക. അതിൽ ചന്തുമേനോൻ സമുദായത്തിന്റെ പ്രത്യേകിച്ചും മരുമക്കത്തറവാട്ടുകളുടെ പൊതുജീവിതമാണ് ചിത്രീകരിച്ചിട്ടുള്ളത്. ഇന്ദുലേഖ, മാധവൻ, സൂരി നമ്പൂരിപ്പാട് തുടങ്ങിയ കഥാപാത്രങ്ങൾ അന്നത്തെ സാമൂഹ്യവ്യവസ്ഥിതയിൽ വളർന്നുവന്നവരുടെ സാക്ഷാൽ രൂപങ്ങൾ തന്നെയാണ്. അതാണ് ആ സാഹിത്യസൃഷ്ടിയുടെ വിജയത്തിനു കാരണം. ബഷീർ വരച്ചിട്ടുള്ള 'കുഞ്ഞു പാത്തുമ്മ'യുടെ ചിത്രം ഒരിക്കൽ കണ്ടവരാരും ആ രൂപം ഒരിക്കലും മറക്കുമെന്നു തോന്നുന്നില്ല. ഇപ്രകാരമുള്ള യഥാതഥ ചിത്രീകരണങ്ങളാണ് സാഹിത്യകൃതികളെ വിഖ്യാതങ്ങളാക്കിത്തീർക്കുന്നത്. ഇത്രയും പറഞ്ഞതിൽനിന്ന് ഒരു കാര്യം വ്യക്തമാണല്ലോ. പ്രകൃതിയേയും, സാമൂഹ്യജീവിതത്തേയും മനുഷ്യമാഹാത്മ്യത്തേയും കലാപരമായ പ്രതിരൂപത്തിലൂടെ പ്രതിഫലിപ്പിക്കാനുള്ള കഴിവിലാണ് കലാസൃഷ്ടിയുടെ വിജയം നിലകൊള്ളുന്നത്. സാഹിത്യത്തിന്റെ നിലയും അതു തന്നെയാണ്.

ദൈവത്തിന്റെ അനുഗ്രഹങ്ങൾ സന്തോഷ
ത്തോടെ സ്വീകരിക്കുന്ന നാം അദ്ദേഹം പരീക്ഷിക്കു
മ്പോൾ മുഖം കറുപ്പിക്കുന്നതു ശരിയല്ല.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

മായി വർത്തിക്കുന്ന ശക്തിവിശേഷത്തെ വികസിപ്പിക്കുവാനും ആ വ്യാപാരങ്ങൾക്ക് അവശ്യമായ നിയന്ത്രണം നല്കുവാനുമുള്ള കഴിവാണ് സാഹിത്യത്തിന്റെ പരമ ലക്ഷ്യം" എന്ന് 'സാഹിത്യവിദ്യ' എന്ന ഉപന്യാസത്തിൽ സാഹിത്യ ശിരോമണി കുട്ടിക്കൃഷ്ണമാരാരും, "നിസ്തുല്യമായ വാസനയുടെയും, നിപുണമായ ലോകാവലോകനത്തിന്റെയും, നിസ്തന്ദ്രമായ അഭ്യസനത്തിന്റെയും പരിണതഫലമാണ് സാഹിത്യം" എന്ന് 'അധുനികകവികൾ' എന്ന ഗ്രന്ഥത്തിൽ പ്രൊഫസർ ജി. വൈദ്യനാഥയ്യർ എം എ.—യും അഭിപ്രായപ്പെട്ടിരിക്കുന്നു.

ഉത്തമങ്ങളായ സാഹിത്യകൃതികൾ പരിശോധിച്ചാൽ ഇവരുടെ അഭിപ്രായം ശരിയാണെന്നു കാണാൻ കഴിയും. ടോൾസ്റ്റോയിയുടെ 'യുദ്ധവും സമാധാനവും' ടാഗോറിന്റെ 'ഗോറാ', പ്രേംചന്ദിന്റെ 'രംഗഭൂമി', ചന്തുമേനോന്റെ 'ഇന്ദുലേഖ' കാളിദാസൻ, ഷേക്സ്പിയർ, ബെർനാഡ്ഷാ തുടങ്ങിയ വിശ്വ സാഹിത്യകാരന്മാരുടെ നാടകങ്ങൾ എന്നിവയെല്ലാം അതിന് ഉദാഹരണങ്ങളാണ്. ഇത്തരം ഉത്തമസാഹിത്യ കൃതികളെല്ലാം അതതു കാലത്തെ സാമൂഹ്യ ജീവിതത്തെ പ്രതിഫലിപ്പിച്ചു കാണിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചു കാണുന്നുണ്ട്. നാനാതരം സാമൂഹ്യബന്ധങ്ങളോടുകൂടിയ മനുഷ്യന്റെ വിചാരവികാരങ്ങളേയും, ഉദ്ദേശ്യാഭിലാഷങ്ങളേയും, ജീവിതവീക്ഷണഗതിയേയുമാണ് അവ ചിത്രീകരിക്കുന്നതു്. ഇത്രയും ഉദാഹരണങ്ങൾ മുൻപിൽ വച്ചുകൊണ്ട് എനിക്കു പറയുവാൻ കഴിയും, സാമൂഹ്യജീവിതത്തിന്റെ പ്രതിഫലനമാണ് സാഹിത്യമെന്ന്,

ആത്മാവിഷ്കരണത്തിനുള്ള ആന്തരിക പ്രചോദനത്തിൽനിന്നാണ് എല്ലാ കലകളുടേയും ആവിർഭാവം എന്നു പറയുന്ന ചില സാഹിത്യകാരന്മാരുണ്ട്. അതല്ലാ, മനുഷ്യന്റെ വിനോദാസക്തിയാണ് സാഹിത്യത്തിന്റെ ഉറവിടത്തിനു നിദാനം എന്നു വാദിക്കുന്നവരുമുണ്ട്. ഇതിൽ ഏതാണ് സ്വീകാര്യമെന്നു നോക്കാം.

ആദിമമനുഷ്യക്ക് ഇന്നുള്ളവരെപ്പോലെ ആചാരങ്ങളോ സംസ്കാരങ്ങളോ ഉണ്ടായിരിക്കാൻ മാർഗ്ഗമില്ല. വില്ലും അമ്പും, കല്ലും മരവും ആയുധങ്ങളാക്കി സംഘംചേർന്ന് ഇരതേടി നടന്ന അവർക്ക് സാഹിത്യകലാതത്ത്വങ്ങളെപ്പററി ചിന്തിക്കേണ്ട ആവശ്യം ഇല്ലതന്നെ. ആഹാരസമ്പാദനം മാത്രമായിരുന്നു അവരുടെ ലക്ഷ്യം. ഉദരപൂരണത്തിനായി അവർ നടത്തിവന്നിരുന്ന നായാട്ടു തുടങ്ങിയവ ഒരു തരം സാമൂഹ്യപ്രവർത്തനമായിരുന്നു. ക്രമേണ പ്രകൃതിയെ മാററിമറിച്ചു സ്വാധീനമാക്കുവാൻ അവർ നിസ്തന്ദ്രരായി ചെയ്തുവന്ന നിരന്തര സാമൂഹ്യാദ്ധ്വാനമാണ് മനുഷ്യനെ ഒരു സംസ്കൃത ജീവിയായി ഉയർത്തിയതു്. അതു വാസ്തവമാണെങ്കിൽ കലയുടെ ആവിർഭാവം ആ വിധത്തിലാണെന്നു സമ്മതിക്കാതെ തരമുണ്ടോ?

പ്രാകൃതമനുഷ്യൻ പാറക്കല്ലുകളിലും മരത്തടികളിലും ചിത്രങ്ങൾ കൊത്തിപ്പിടിപ്പിച്ചിരുന്നു. നിശ്ചയമായും സ്വന്തം ഭാവനയിൽ ഉദിച്ചവയായിരുന്നില്ല ആ ചിത്രങ്ങൾ. ചുററുപാടുകളിൽ കാണപ്പെട്ടവയും ദൈനംദിനജീവിതവുമായി ബന്ധപ്പെട്ടവയുമാണ് അവരുടെ ഭാവനയിലൂടെ പുറത്തുവന്നതു് വസ്തുനിഷ്ഠവും, ബാഹ്യവുമായ യാഥാർത്ഥ്യങ്ങളാണ് അവർ പ്രതിഫലിപ്പിച്ചതു്. അങ്ങനെ പ്രാകൃതകാലംമുതല്ക്കേ സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ടിരുന്ന കലാസൃഷ്ടികൾ അന്നത്തെ മനുഷ്യനെ ആഹ്ലാദി

# വസന്തഗീതം

*K. R. Vituthiyil, II u. c.*

(മാങ്കനികൾ തേടി നമ്മൾ മാഞ്ചുവട്ടിൽക്കൂടി-എന്നമട്ട്)

പുഷ്പകാലം വന്നണഞ്ഞു വണ്ടുകളേ നിങ്ങൾ
പോവതെന്തോ പോവതെന്തോ നീളെ നീളെ വാനിൽ ?—
നീളെ നീളെ വാനിൽ.

ഈ മധുരത്തേൻ നുകരാൻ പോരുകില്ല നിങ്ങൾ
മാഞ്ഞുപോകും മാഞ്ഞുപോകുമീ വസന്തകാലം—
ഈ വസന്തകാലം.

കൊച്ചുതെന്നലോടിവന്നു പുല്കിടുന്നു നമ്മെ
മാഞ്ഞുപോകും മാഞ്ഞുപോകുമീ സുഗന്ധം കാററിൽ—
ഈ സുഗന്ധം കാററിൽ.

മീനവെയിലെത്തിടുന്നു ചൂടുമായി വേഗം
വററിടുമീത്തേൻ, നുകരാൻ സാദ്ധ്യമല്ല പിന്നെ—
സാദ്ധ്യമല്ല പിന്നെ.

മഞ്ഞുതുള്ളിയായിടുന്ന കണ്ണുനീരിനാൽ നീ
യാത്രചൊല്ലി, യാത്രചൊല്ലി പോവതെന്തോ വണ്ടേ—
പോവതെന്തോ വണ്ടേ.

വീർപ്പുമുട്ടി നിന്നിടുമീയേഴകളെ വിട്ടു
ദൂരെ ദൂരെ പോയിടാതെ വണ്ടുകളേ വാ വാ—
വണ്ടുകളേ വാ വാ.

പുഷ്പകാലം വന്നണഞ്ഞു വണ്ടുകളേ നിങ്ങൾ
പോവതെന്തോ പോവതെന്തോ നീളെ നീളെ വാനിൽ ?

# കണ്ണീരിൽ കുതിർത്ത സ്മരണകൾ

*Moses—IV U. C.*

ഞെട്ടലോടെയാണ് ഞാൻ ആ വാർത്ത ശ്രവിച്ചത്; ഞാൻ മാത്രമല്ല കേരളീയരെല്ലാം. എങ്ങനെ ഞെട്ടാതിരിക്കും സിരകളെ പൊട്ടിക്കുന്ന ആ സംഭവം അറിഞ്ഞാൽ? ആ ദിവസം ഞാൻ ഇന്നും ഓർക്കുന്നുണ്ട്. മറക്കാൻ ശ്രമിക്കുന്തോറും സ്മൃതിപഥത്തിൽ തെളിഞ്ഞു മിന്നുന്ന ദിവസം, ഹൃദയതന്ത്രികളെ വേദനകൊണ്ടു മുറുക്കിപ്പൊട്ടിച്ച ദിവസം, ഓർമ്മയാകുന്ന ഓളത്തിലേറി കാലമാകുന്ന കടലിലൂടെ ഭൂതകാലത്തിലേയ്ക്കു നീങ്ങുമ്പോൾ വേദനയുടെ ചീറിയലറുന്ന അലക്കൈകളുമായി എന്റെ നേരെ പാഞ്ഞു വരുന്ന ദിവസം, അനുയായികളെ വേദനയുടെ ഉമിത്തീയിലാഴ്ത്തിയിട്ട് അദ്ദേഹം അപ്രത്യക്ഷനായ ദിവസം, അതെ, മഹാനായ മാർ ഇവാനിയോസ് നമ്മെ കൈവെടിഞ്ഞ ദിവസം.

സുവിശേഷ സന്ദേശവുമായി ലോകം മുഴുവൻ പാടിപ്പറന്നു നടന്ന ആ പൂങ്കുയിൽ, 'അന്യജീവനുതകി സ്വജീവിതം ധന്യമാക്കിയ' ആ ത്യാഗിവര്യൻ, കേരളത്തിലാകെ സാംസ്കാരിക നവോത്ഥാനം സൃഷ്ടിച്ച ആ കലാകാരൻ, മലയാളനാട്ടിൽ സമാധാനത്തിന്റേയും, സാഹോദര്യത്തിന്റേയും വെന്നിക്കൊടി നാട്ടിയ വിശ്വസ്നേഹി, കേരളകലാക്ഷേത്രത്തിൽ പ്രോജ്ജ്വലിച്ചു നിന്ന ഭദ്രദീപം, വിശ്വാസവൈഭവഗാനം മുഴക്കിയ സ്നേഹവിപഞ്ചിക, ആ മഹാത്മാവ് എവിടെയോ അന്തർദ്ധാനം ചെയ്തു.

ദിവസങ്ങൾ കഴിയുന്തോറും പഴയ ഓർമ്മകൾ കെട്ടഴിഞ്ഞു വീഴുകയാണ്, കണ്ണീരിൽ കുതിർത്ത വേദനയുടെ പഴയ ഏടുകൾ. അദ്ദേഹം മാനുഷികമൂല്യങ്ങളുടെ അടിത്തറയായിരുന്നു. ആകൃതിയിലും പ്രകൃതിയിലും ഗംഭീരൻ, പ്രതാപത്തിന്റെ വർണ്ണശബളത വിതറുന്ന ആകാരം, അജയ്യമായ ആത്മീയ പ്രഭാവം ചിന്തുന്നവദനം—ഇവയെല്ലാം അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. സാഹിത്യാരാമത്തിലെ വാനമ്പാടി, ക്രൈസ്തവാന്തരീക്ഷത്തിലെ വീരസേനാനി, ഉൽപന്നമതിയായ വിദ്യാഭ്യാസപ്രവർത്തകൻ, നയതന്ത്രമർമ്മജ്ഞനായ ധർമ്മവീരൻ, ആതുരസംരക്ഷകൻ, പൊതുജനബന്ധു, ആദർശകലാകാരൻ, പൊതുകാര്യപ്രസക്തൻ, അദ്ധ്യേതാക്കളുടെ അഭ്യുദയകാംക്ഷി, അറിവിന് ഉപനിഷത്ത്, സത്യത്തിന് ഹരിശ്ചന്ദ്രൻ, ധർമ്മത്തിന് യുധിഷ്ഠിരൻ, ഭൂതദയയ്ക്കു ശിബി, ദാനത്തിനു കർണ്ണൻ, ത്യാഗത്തിനു ഫ്രാൻസിസ് അസ്സീസി, സ്വരാജ്യസ്നേഹത്തിനു ഗാന്ധിജി—ഇവയൊക്കെയായിരുന്നു അദ്ദേഹം.

ഒരിക്കൽ കണ്ടിട്ടുള്ളവർക്കാർക്കുംതന്നെ അദ്ദേഹത്തെ മറക്കുവാൻ കഴിയുന്നതല്ല. സരസമായ ശൈലിയിൽ, ഗംഗാപ്രവാഹം പോലെയുള്ള ശബ്ദധോരണിയോടുകൂടി, ഫലിതരസസമ്പൂർണ്ണമായി അദ്ദേഹം ചെയ്യുന്ന സംഭാഷണം ആരെയാണ് ആകർഷിക്കാത്തത്?

വളരെ നാളായി ഹൃദയത്തിൽ കുടികൊണ്ടിരുന്ന, ആഗ്രഹത്തിന്റേയും, വിശ്ര

MAR IVANIOS COLLEGE DIGITAL REPOSITORY

മരഹിതമായ പ്രവർത്തനത്തിന്റെയും, വിദേശപര്യടനം കൊണ്ടു നേടിയ വിജ്ഞാനത്തിന്റെയും പരിണതഫലമായി അദ്ദേഹം നമുക്കു സംഭാവന ചെയ്തതാണ് ഈ കലാലയം. ഒരു മാതൃകാദ്ധ്യയന കേന്ദ്രമായും, പ്രാചീന ഭാരതത്തിലെ സംസ്കാരപാരമ്പര്യം നിലനിർത്തുന്ന ആദർശസ്ഥാപനമായും, ദക്ഷിണേന്ത്യയിലെ ശാന്തിനികേതനമായും, അതു മുന്നേറുകയാണ്.

അംബരചുംബിയായി ഉയർന്നു നിൽക്കുന്ന ബഹുനിക്കുന്ന്, രമണീയത കളിയാടുന്ന ഭൂപ്രകൃതി, പശ്ചിമചക്രവാളത്തിന്റെ മടിയിൽ തല ചായ്ച്ചു വെള്ളിക്കസവു നെയ്യുന്ന അറബിക്കടൽ, കിഴക്ക് മരതക കാന്തി കലർന്ന സഹ്യനിരകൾ; ഉള്ളിൽ സംസ്കാര സമ്പന്നരും വിദ്യാനിധികളുമായ അദ്ധ്യാപകന്മാർ, വിദ്യാർത്ഥികൾക്കു വേണ്ടി ജീവിതം അർപ്പിച്ച അധികാരികൾ—ഇനിയെന്തുവേണം അതിന്റെ ഉൽകർഷത്തിന്?

തിരുമേനിയുടെ ഏവംവിധമായ എഴുപത്തി രണ്ടുകൊല്ലത്തെ ജീവിതം തികച്ചും അമാനുഷികമായിരുന്നു. അദ്ദേഹം അന്തരിച്ചിട്ടില്ല. വിദ്യാർത്ഥികളുടെ ഹൃദയഭിത്തികളിലും, ക്രൈസ്തവരുടെ തപ്തനിശ്വാസങ്ങളിലും, ലോകരുടെ സ്മരണമണ്ഡലത്തിലും, ഇലച്ചില്ലകളുടെ മർമ്മരശബ്ദത്തിലും, കിളികുലങ്ങളുടെ കളകളരവത്തിലും അദ്ദേഹം ജീവിക്കുക തന്നെ ചെയ്യുന്നു. ആ മഹാനെ ആദരിക്കുവാൻ ഒരു മാർഗ്ഗമേ ഉള്ളു. അദ്ദേഹം വെട്ടിത്തെളിച്ച വഴിത്താരയിലൂടെ അദ്ദേഹത്തിന്റെ ആദർശങ്ങൾ അയവിറക്കിക്കൊണ്ട് കൃതജ്ഞതയോടെ പിൻതുടരുക മാത്രമാണ് ആ മാർഗ്ഗം.

---

കാടുകൾ പിടിച്ചുഴും മർത്ത്യമാനസത്തിന്റെ
മേടുകൾ നിരത്തിയിട്ടൊക്കെയും സമമാക്കി,
കനിവുമഹിംസയും പ്രേമവുമൊലിപ്പിച്ചു
നനവുണ്ടാക്കി ശ്ശുദ്ധ സാത്വിക സംസ്കാരത്തിൽ
ശാന്തജീവിതം വിതച്ചിട്ടുവാൻ ശ്രമിക്കയാം
ഞാൻ തനി,ച്ചതിൽനിന്നു രോമാഞ്ചം കൊയ്യും ലോകം.

—ജി.



MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# പറയൂ, ഞാൻ നിരപരാധിയാണെന്നു്

*Thomas Mathew—III U. C.*

രാമലാലിന്റെ കമ്പനിയിൽ ഒരു ഗുമസ്ഥനാണു് രാജു. പ്രായം ഇരുപതു കാണും. കൃത്യനിഷ്ഠകൊണ്ടും സ്ഥിരപരിശ്രമം കൊണ്ടും കമ്പനി ഉടമസ്ഥന്റെ സ്നേഹവും വിശ്വാസവും അയാൾ സമ്പാദിച്ചു. ക്രമേണ ആ വൃദ്ധൻ സുന്ദരനും സുമുഖനുമായ രാജുവിനെ പുത്രനെപ്പോലെ കരുതിത്തുടങ്ങി. പുത്രമുഖം കാണാൻ ഭാഗ്യമില്ലാതെ പോയ അദ്ദേഹത്തിനു് ആ യുവാവു് ഒരു ആശ്വാസപാത്രമായും തീർന്നു. ഒന്നു രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ രാജു സ്വന്തം സാമർത്ഥ്യം കൊണ്ടും രാമലാലിന്റെ കാരുണ്യംകൊണ്ടും കമ്പനി മാനേജരായി.

ധനികനായ വിക്രമൻനായരുടെ ബംഗ്ലാവിനോടു തൊട്ടടുത്ത ഒരു ചെറുഗൃഹത്തിലായിരുന്നു രാജുവിന്റെ താമസം. അവർ ഇരുവരും പലപ്പോഴും തമ്മിൽ കാണും. പല കാര്യങ്ങളെപ്പററിയും സംഭാഷണം നടത്തും. അങ്ങനെ അവരുടെ പരിചയം വളർന്നു. പല കൊടുക്കൽ വാങ്ങലുകളിലും മാനേജർ നൽകിയ ഉപദേശം നായർക്കു് അമിതമായ ലാഭം നൽകി. പല തവണ ക്ഷണിച്ചിട്ടും രാജു തന്റെ ബംഗ്ലാവിൽ വരാത്തതിന്റെ കാരണം ആ ധനികനു മനസ്സിലായില്ല. ഒരു ദിവസം തമ്മിൽ കണ്ടു പിരിയാൻ ഭാവിച്ചപ്പോൾ അല്പം പരിഭവത്തോടെ അക്കാര്യം സൂചിപ്പിച്ചു. സമാധാനങ്ങളൊന്നും സ്വീകരിക്കാൻ ഭാവമില്ലെന്നു കണ്ടപ്പോൾ ആ യുവാവു് അദ്ദേഹത്തോടുകൂടിത്തന്നെ പുറപ്പെടാൻ തീർച്ചയാക്കി.

രാജു നായരൊത്തു് അദ്ദേഹത്തിന്റെ ഗൃഹത്തിൽ കടന്നു. അപ്പോൾ അദ്ദേഹം കണ്ടതു് അതിസുന്ദരിയായ ഒരു യുവതി വരാന്തയിലിരുന്നു പൂമാല കെട്ടിക്കൊണ്ടിരിക്കുന്നതായിരുന്നു. നവയൗവനവും വന്നു നാൾതോറും വളരുന്ന ആ ലാവണ്യധാമത്തെ ഒന്നു നോക്കുവാൻ ആ യുവാവു് ആഗ്രഹിച്ചു. എങ്കിൽ അതിൽ ആശ്ചര്യപ്പെടാനില്ല. സുകുമാരനായ ആ യുവാവിന്റെ ദർശനം ആ യുവതിയിലും ചില ഭാവഭേദങ്ങൾ വരുത്തുക തന്നെ ചെയ്തു. അവൾ പെട്ടെന്നു് എഴുന്നേററു് അല്പം മാറി നിന്നപ്പോൾ വിക്രമൻനായർ അവരെ തമ്മിൽ പരിചയപ്പെടുത്തിയതിനുശേഷം അകത്തേയ്ക്കു കടന്നു. ഒന്നു രണ്ടു മണിക്കൂർ നേരം നീണ്ടുനിന്ന സൽക്കാരവും സംഭാഷണവും രാജുവിന്റെ ജീവിതത്തിൽ, അതിപ്രധാനമായിരുന്നു.

വിക്രമൻനായരുടെ ഏകസന്താനമായ രാധയെ കണ്ടതു മുതൽ ആ യുവാവിന്റെ ഹൃദയം അവർണ്ണ്യമായ ചില വികാരങ്ങൾക്കു് അധീനമാകാതിരുന്നില്ല. "രാധ—എത്ര മധുരമായ പേരു്! അവളുടെ സംഭാഷണവും സ്വഭാവവും എത്ര ആകർഷകം! ആകൃതിയും പ്രകൃതിയും ഇത്രമാത്രം ഇണങ്ങിയ സുന്ദരികൾ കണ്ടുകിട്ടുക പ്രയാസം തന്നെ." ഇങ്ങനെയുള്ള വിചാരങ്ങൾ ആ യുവാവിനെ അലട്ടിത്തുടങ്ങി. എന്തിനു് രാധ അയാളുടെ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ആരാധനാ പാത്രമായി. അവളുടെ വിഗ്രഹത്തിനു് ആ യുവാവിന്റെ ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠ തന്നെ ലഭിച്ചു.

കമ്പനി ജോലി കഴിഞ്ഞാൽ രാജു തന്റെ സമയം മുഴുവൻ രാധയെ സന്തോഷിപ്പിക്കുന്നതിലും, അവളുടെ സംഭാഷണസുഖം അനുഭവിക്കുന്നതിലും ചെലവുചെയ്യു തുടങ്ങി. നാളുകൾ അങ്ങനെ പലതും കഴിഞ്ഞു. രാധയും രാജുവും വേർപിരിയാൻ കഴിയാത്ത സ്നേഹിതരായി. അവർ വൈകുന്നേരസമയം പാർക്കിൽ പോകും, ലോകകാര്യങ്ങളെപ്പററി സംസാരിക്കും, വിടർന്നു നിൽക്കുന്ന പുഷ്പങ്ങൾ കണ്ടു രസിക്കും, ചന്ദ്രികയിലിരുന്നു് ആനന്ദിക്കും. നർമ്മസംഭാഷണങ്ങളിലേർപ്പെട്ടു സുഖിക്കും. ഗൃഹത്തിൽ മടങ്ങിയെത്തുമ്പോൾ മണി ഒൻപതു കഴിഞ്ഞിരിക്കും. വിക്രമൻനായർ പുത്രിയുടെ ഹിതത്തിനു വിപരീതം പറയാറില്ല. രാത്രി സമയം രാധ രാജുവിനേയും, രാജു രാധയേയും സ്വപ്നത്തിൽ കാണാറുണ്ടു്. പലതും സംസാരിക്കാറുണ്ടു്. എങ്കിലും ഇരുവരും അവരുടെ ഉള്ളിൽ ഉദിച്ചുയർന്നുകൊണ്ടിരുന്ന അഭിലാഷം അന്യോന്യം അറിയിക്കാൻ ധൈര്യപ്പെട്ടാറില്ല. ഇങ്ങനെ മാസങ്ങൾ പലതും കഴിഞ്ഞു.

രാധയുടെ മുഖത്തു് ചിലപ്പോൾ ഒരു അസ്വാസ്ഥ്യത്തിന്റെ ലക്ഷണങ്ങൾ കാണാറുണ്ടു്. അവൾ പലപ്പോഴും വിചാരത്തിൽ മുഴുകിയും, ഒന്നും നിശ്ചയിക്കുവാൻ കഴിയാതെ കുഴങ്ങിയും കഴിയുക സാധാരണയായിത്തീർന്നിരിക്കുന്നു. അച്ഛൻ ചോദിച്ചാൽ ഒന്നുമില്ലെന്നു പറഞ്ഞു് ഒഴിഞ്ഞുമാറും. രാജുവുമായുള്ള സഹവാസമായിരിക്കണം പുത്രിയുടെ ഭാവഭേദത്തിനു കാരണമെന്നു് ഊഹിച്ച വിക്രമൻനായർ അവരെ ഭാര്യാഭർത്താക്കന്മാരാക്കാനുള്ള ഉപായം ആലോചിച്ചു തുടങ്ങി.

ഒരു ദിവസം രാജു കമ്പനി ജോലികളെല്ലാം കഴിഞ്ഞു് വീട്ടിലെത്തിയപ്പോൾ നേരം ഏഴുമണി കഴിഞ്ഞിരുന്നു. ഒരു കപ്പു ചായ കുടിച്ചശേഷം അയാൾ രാധയെ കാണാൻ അവളുടെ ബംഗ്ലാവിൽ ചെന്നു. അവൾ നേരത്തെ പാർക്കിലേയ്ക്കു പോയതായി ഭൃത്യനിൽ നിന്നു് അറികയാൽ അങ്ങോട്ടേയ്ക്കു തന്നെനടന്നു. തന്റെ ഉദാസീനതയിൽ പരിഭവിച്ചിരിക്കും രാധ എന്നായിരുന്നു അയാളുടെ അപ്പോഴത്തെ വിചാരം. പരമാർത്ഥം അറിയുമ്പോൾ അവൾ അതിനു മാപ്പു തരാതിരിക്കയില്ല എന്നു വിശ്വസിച്ചു് അയാൾ ആശ്വസിച്ചു.

അനുരാഗത്തിന്റെ ഗതിവിഗതികളുണ്ടോ യുവതീയുവാക്കന്മാരറിയുന്നു! പാർക്കിൽ പ്രവേശിച്ചപ്പോൾ രാജു കണ്ട കാഴ്ച അയാളെ സ്തബ്ധനാക്കി. താൻ ജീവതുല്യം ഗണിച്ചു് ആരാധിച്ചു പോരുന്ന രാധ മറെറാരു യുവാവുമായി അടുത്തിരുന്നു സല്ലപിക്കുന്നു. രാജുവിന്റെ ശരീരം നഖശിഖാന്തം വിറച്ചു. മടങ്ങിപ്പോകുവാൻ നിശ്ചയിച്ചു് അയാൾ രണ്ടു ചുവടു പുറകോട്ടു നടന്നു. പക്ഷെ അയാൾ അതിനു ശക്തനായില്ല. ആ യുവാവു് ആരു്? അവരുടെ സംഭാഷണവിഷയം എന്തു്? അതു് അറിയുക തന്നെ വേണം എന്നു നിശ്ചയിച്ചു് അയാൾ വീണ്ടും പതുക്കെ നടന്നു് സമീപത്തിലെത്തി മറഞ്ഞുനിന്നു. ആ നാട്ടിലെ വലിയ ജന്മിയുടെ മകൻ ഗോപിയാണു് രാധയുടെ അടുത്തിരുന്നു സംസാരിക്കുന്നതു്.

അവനെ രാജുവിനു പരിചയമുണ്ട്. ഒരു വലിയ ധൂർത്തനും അഹംകാരിയുമാണവൻ. ഏതാനും ദിവസങ്ങൾക്കു മുൻപു പണസംബന്ധമായ ഒരു സ്വല്പകാര്യത്തിൽ രാമലാലുമായി വഴക്കു കൂടിയപ്പോൾ താനാണ് അവനെ സമാധാനിപ്പിച്ചതു്. അവൻ പുച്ഛസ്വരത്തിൽ പറയുകയാണ്.

"അന്നു നീ എന്നോടു പറഞ്ഞതു മറന്നുപോയി അല്ലേ? പുതിയ കൂട്ടുകാരനെ കിട്ടിയപ്പോൾ പഴയ സ്നേഹിതൻ വേണ്ടെന്നായി. പെണ്ണുങ്ങളുടെ സ്വഭാവമാണിതു്. എവിടെ നിന്നോ വന്ന ആ പുതിയ ഉദ്യോഗസ്ഥന്റെ പുറംമേനി കണ്ട് നീയും നിന്റെ അച്ഛനും സ്വന്തം നില മറന്നു. കുലവും ഗോത്രവും അറിയാതെ വല്ല തെണ്ടികളേയും വീട്ടിൽ കുടിയിരുത്തിയാലുള്ള അനുഭവം പിന്നീട് നിങ്ങൾ തന്നെ അറിഞ്ഞുകൊള്ളും."

ഗോപിയുടെ ഈ വാക്കുകൾ കേട്ടപ്പോൾ രാധ ഗദ്ഗദത്തോടെ പറഞ്ഞു. "അദ്ദേഹത്തെ നിങ്ങൾ എന്തിനു പഴിക്കുന്നു. ഇങ്ങനെ ആളുകളെ തെററിദ്ധരിക്കരുതു്. ഞാൻ അങ്ങയെത്തന്നെയാണ് സ്നേഹിക്കുന്നതു്. പറഞ്ഞിട്ടുള്ള വാക്കിന് മാററം വന്നിട്ടുമില്ല. രാജു എന്റെ ഒരു സഹോദരൻ മാത്രമാണ്."

താൻ സ്നേഹസർവ്വസ്വമായി കരുതിയിരുന്ന രാധയുടെ ഒടുവിലത്തെ വാക്യം കേൾക്കുന്നതിനുമുമ്പേ രാജു അവിടം വിട്ടു. ഭ്രാന്തനെപ്പോലെയാണ് അയാൾ വീട്ടിലെത്തിയതു്. ഉണ്ണണമെന്നു തോന്നിയില്ല. കസാലയിൽ കിടന്ന് അയാൾ പലതരം വിചാരങ്ങളിൽ മുഴുകി.

"രാധ എന്നെ സ്നേഹിക്കുന്നുണ്ട്. അവളുടെ അച്ഛനും എന്നെ വലിയ കാര്യമാണ്. പക്ഷെ ഞാൻ എന്റെ ആഗ്രഹം അവളെ അറിയിച്ചില്ല. ഞാൻ എന്തു മഠയനാണ്. അല്ലെങ്കിൽ പറയാതിരുന്നതു തന്നെ നന്നായി. പറഞ്ഞിരുന്നെങ്കിൽ അവൾ വല്ലാതെ വിഷമിക്കുമായിരുന്നു. അവൾ എന്തിനു ആ ദുഷ്ടനെ സ്നേഹിച്ചു? എന്നെ സ്നേഹിച്ചിരുന്നെങ്കിൽ അവളുടെ ജീവിതം എത്ര ധന്യമായിരുന്നേനെ. അമ്പോ! എന്തൊരു സ്വാർത്ഥം! മഹാധനികനല്ലേ ഗോപി? അവനെ യുവതികൾ സ്നേഹിക്കുന്നതിൽ എന്താണാശ്ചര്യം! രാധേ! നീ എന്നെ സ്നേഹിക്കുന്നില്ലെങ്കിലും ഞാൻ നിന്നെ ആരാധിക്കുന്നുണ്ട്. എന്റെ ഭാവി ജീവിതം നിനക്കുവേണ്ടി ഞാൻ അർപ്പിച്ചു കഴിഞ്ഞു. ഇനി അതിനു മാററമില്ല. ഞാൻ എന്തുകൊണ്ട് ഗോപിയെപ്പോലെ ഒരു ജന്മിയുടെ മകനായി ജനിച്ചില്ല. അതുകൊണ്ടല്ലേ രാധ എനിക്കു നഷ്ടപ്പെട്ടതു്."

ആഴ്ച ഒന്നു കഴിഞ്ഞു. രാജു ആഫീസ്മുറിയിൽ ഫയലുകൾ നോക്കിക്കൊണ്ടിരിക്കയാണ്. പെട്ടെന്ന് രാമലാലിന്റെ മുറിയിൽനിന്ന് ഒരു ദീനശബ്ദം അവിടെ മാറെറാലിക്കൊണ്ടു. രാജു ചാടിയെഴുന്നേററ് അവിടെയെത്തി. രാമലാൽ രക്തമണിഞ്ഞു് നിലത്തു കിടന്നു പിടയുന്നു. ഗോപി ഒരു വടിയും ഉയർത്തിപ്പിടിച്ചു വിറച്ചുകൊണ്ടു നിൽക്കുന്നു. നിശ്ചേഷ്ടനായി നിന്നുപോയ രാജുവിനു കാര്യം മനസ്സിലായി. പണം സംബന്ധിച്ചുണ്ടായ വാഗ്വാദത്തിൽ കുപിതനായിത്തീർന്ന ഗോപി കടുംകൈയ് പ്രവർത്തിച്ചു. എന്താണു ചെയ്യുക.

രാജു രാമലാലിനെ താങ്ങിയെടുത്തു സോഫയിൽ കിടത്തി. വൃദ്ധൻ കണ്ണു

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

കഠം തുറന്നു നോക്കിയെങ്കിലും വീണ്ടും അവ അടയുകതന്നെ ചെയ്തു. പിതൃവിയോഗത്തിൽ പുത്രനുണ്ടാകാവുന്ന ദുഃഖത്തോടുകൂടി ആ യുവാവു് തേങ്ങിത്തേങ്ങി കരഞ്ഞു. ഒടുവിൽ അയാഠം അശ്രുകണങ്ങഠം തുടച്ചുകൊണ്ടു് നിശ്ചേഷ്ടനായി, വിവർണ്ണവദനനായി നിൽക്കുന്ന ഗോപിയെ കോപതാപങ്ങളോടെ നോക്കി; വിവരം പോലീസിൽ അറിയിക്കുവാൻ നിശ്ചയിച്ചു. പക്ഷെ രാധയെപ്പററിയുണ്ടായ വിചാരം അയാളെ അതിനനുവദിച്ചില്ല. അവളുടെ ഭാവി സുഖത്തെക്കരുതി അയാഠം ഗോപിയെ രക്ഷിക്കുവാൻ തന്നെ തീരുമാനിച്ചു.

... ... ... ...

... ... ... ...

രാജു ബന്ധനത്തിലാണു്. രാമലാലിനെ വധിച്ചതു് താൻ തന്നെയാണെന്നു് സ്വയം സമ്മതിച്ചതിനാൽ ജഡ്ജി അയാളെ വധശിക്ഷയ്ക്കു വിധിച്ചിരിക്കയാണു്. തൂക്കിലിടാനുള്ള ദിവസം സമീപിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങളുടെയിടയിൽ കൊലപാതകത്തെപ്പററി പല അഭിപ്രായവ്യത്യാസങ്ങളും പ്രചരിക്കുന്നുണ്ടു്. സ്നേഹസമ്പന്നനും ഗുണവാനുമായ രാജു രാമലാലിനെ വധിച്ചിരിക്കയില്ലെന്നാണു് അധികം ആളുകളുടേയും വിശ്വാസം. പക്ഷെ അയാഠം കൊലക്കുററം സമ്മതിച്ചതുകൊണ്ടു് ആക്ഷേമൊന്നും പറയുവാൻ ധൈര്യവുമില്ല. ജയിലധികാരികഠംക്കും രാജുവിനെപ്പററി അനുകമ്പയേ തോന്നിയുള്ളു. ഇത്രമാത്രം ഗുണവാനായ ഒരു യുവാവിനെ അവർ അതുവരെ കണ്ടിട്ടില്ല. എന്തോ ഒരു മായം ഈ കൊലപാതകസംഗതിയിൽ ഉണ്ടെന്നുതന്നെ അവരും വിശ്വസിച്ചു. അവക്കു് രാജുവിനെ സൂക്ഷിക്കേണ്ട ഭാരമേ ഉണ്ടായിരുന്നില്ല. അത്രയ്ക്കു ശാന്തനായിട്ടാണു് ആ യുവാവു് ജയിലിൽ കഴിഞ്ഞുവന്നതു്.

ഒരു ദിവസം രാത്രി ജയിലിലെ മണി പന്ത്രണ്ടടിക്കുന്നതു കേട്ടു് രാജു ഉണർന്നു. അങ്ങുമിങ്ങും മാത്രം ചില വിളക്കുകഠം കത്തുന്നുണ്ടു്. എല്ലാവരും സുഖനിദ്രയിൽ ലയിച്ചിരിക്കയാണു്. എഴുന്നേററിരുന്നു് ആ യുവാവു വിചാരിച്ചുതുടങ്ങി "ഞാൻ നിരപരാധിയാണു്. ഗോപിക്കും അതറിയാം. രാധയ്ക്കുവേണ്ടിയാണു് ഞാൻ കുററം സ്വയം ഏറെറടുത്തതു്. അവളുടെ സുഖം എനിക്കു എൻെറ ജീവനേക്കാഠം വലുതാണു്. അവഠംക്കുവേണ്ടി മരിക്കുന്നതിൽ എനിക്കു ലേശവും മടിയില്ല ഭയവുമില്ല. പക്ഷെ എൻെറ അവസാനമായ പ്രാർത്ഥന അവഠം സാധിച്ചു തരാത്തതിൽ എനിക്കു കുണ്ഠിതമുണ്ടു്. വധൂവരന്മാരായിത്തീർന്നിരിക്കുന്ന ഗോപിയേയും രാധയേയും കൺകുളിർക്കെ ഒന്നു കണ്ടിട്ടു് മരിച്ചെങ്കിൽ എൻെറ ആത്മാവിനു ശാന്തി ലഭിക്കുമായിരുന്നു. ജയിലർ എൻെറ അപേക്ഷ അറിയിച്ചില്ലെന്നു വരുമോ? അഥവാ ഗോപി ഭയം നിമിത്തം രാധയോടു് എൻെറ അപേക്ഷയപ്പററി പറഞ്ഞില്ലെന്നു വരുമോ? ഏതായാലും ഇനി അവരുടെ വരവും കാത്തിരിക്കുവാൻ നിർവാഹമില്ല. രണ്ടു ദിവസമേയുള്ളു തൂക്കുമരത്തിൽ കയറാൻ. രാധയെ അതിനു മുൻപു് എനിക്കു കണ്ടേ തീരൂ."

രാജു പതുക്കെ എണീററു മുറിയിൽ നിന്നു പുറത്തുകടന്നു. ജയിൽ ഗാർഡുകളിൽ രണ്ടുപേർ കൂർക്കം വലിച്ചു് ഉറങ്ങുകയാണു്. അവരിൽ ഒരാളുടെ കൈ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

തോക്കും എടുത്തു് അയാൾ ആ ക്രൂരിരുട്ടിൽ മറഞ്ഞു.

നേരം അർദ്ധരാത്രി കഴിഞ്ഞിട്ടും ഗോപിയും രാധയും ഉറങ്ങാതെ സംഭാഷണസുഖത്തിൽ ലയിച്ചിരിക്കുകയാണു്. രാധ, പലതും പറഞ്ഞുകൊണ്ടിരിക്കവേ, അല്പം വിഷാദസ്വരത്തിൽ ചോദിച്ചു. "രാജുവിനെ വധിക്കാൻ നിശ്ചയിച്ചിരിക്കുന്നതു നാളെയോ മററന്നാളോ, അല്ലേ? അദ്ദേഹം എത്രതന്നെ കുററക്കാരനാണെങ്കിലും എൻെറ സഹോദരനാണു്. അദ്ദേഹത്തിൻെറ അവസാനമായ അപേക്ഷയെങ്കിലും സാധിച്ചുകൊടുക്കേണ്ടതു് നമ്മുടെ ധർമ്മമല്ലേ?" ഗോപി അല്പനേരം മറുപടി ഒന്നും പറഞ്ഞില്ല. രാധ വീണ്ടും നിർബന്ധിച്ചപ്പോൾ കോപഭാവത്തിൽ അയാൾ ഇങ്ങനെ അലറി.

"എടീ, എനിക്കറിയാം നിനക്കു് അവനോടുള്ള സ്നേഹം എത്രമാത്രമെന്നു്. എൻെറ പണത്തെ മാത്രം മോഹിച്ചു നീ എന്നെ ഭർത്താവായി സ്വീകരിച്ചു. കൊലപാതകിയോടാണു് നിനക്കു് ഇപ്പോഴും അനുരാഗം. പോ! വേണമെങ്കിൽ നീയും അവനോടുകൂടി തൂങ്ങിച്ചാവു്."

ഭർത്താവിൻെറ നിർദ്ദയവും പരുഷവുമായ വാക്കുകൾ രാധയെ പശ്ചാത്താപാകുലയാക്കി. അവളുടെ മുഖം അരുണവർണ്ണമണിഞ്ഞു. ധമനികളിൽ രക്തം തിളച്ചുകയറി. തൊണ്ടയിടർച്ചയോടെ അവൾ പറഞ്ഞു.

"ഇത്രമാത്രം നിർദ്ദയനും ക്രൂരനുമാണു് നിങ്ങൾ എന്നു് അറിഞ്ഞിരുന്നുവെങ്കിൽ ഞാൻ നിങ്ങളെ സ്നേഹിക്കുമായിരുന്നില്ല. എന്തു ചെയ്യട്ടെ. ഏതായാലും എനിക്കു് ഒന്നു നിശ്ചയമാണു്; എൻെറ സഹോദരൻ രാജു നിങ്ങളെപ്പോലെ ദയാഹീനനല്ല. കൊലപാതകം ചെയ്തതു് രാജുവാണെന്നു ഞാൻ വിശ്വസിക്കുന്നുമില്ല."

അപരാധിയായ ഗോപി രാധയുടെ വാക്കുകൾ സഹിക്കുവാൻ ശക്തനായില്ല. ക്രോധാവേശനായ അവൻ അവളുടെ കഴുത്തിൽ പിടിച്ചു ഞെരിച്ചുകൊണ്ടു് ഇങ്ങനെ ഗർജ്ജിച്ചു. "എന്തു പറഞ്ഞു, നിൻെറ രാജു കൊലപാതകിയല്ലെന്നോ? ഒരിക്കൽക്കൂടി പറ കേൾക്കട്ടെ."

പെട്ടെന്നു് ഒരു സ്വരൂപം അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. "ഗോപീ! പറ. കേൾക്കട്ടെ. രാമലാലിനെ വടികൊണ്ടു് അടിച്ചു കൊന്നതു് ആരാണെന്നു്? ഒരു കൊലപാതകം കൊണ്ടു തൃപ്തിവന്നില്ലേ നിനക്കു്. വീണ്ടും തുനിയുന്നുവോ ഒരു സാധു സ്ത്രീയെ വധിക്കാൻ—അന്നു ഞാൻ നിന്നെ വിട്ടു. ഇന്നു് അതിനു് തയ്യാറില്ല—വിടൂ രാധയെ," ഇങ്ങനെ ഉഗ്രസ്വരത്തിൽ പറഞ്ഞു് കൈത്തോക്കും നീട്ടി നിൽക്കുന്ന ആ രൂപത്തെ ഗോപി നിവർന്നു നോക്കി. അവൻെറ ശരീരം തളർന്നു. രാധയുടെ കണ്ഠത്തിൽ ഉറച്ചിരുന്ന കൈകൾ താണു. എന്തു പറയണമെന്നും, എന്തു ചെയ്യണമെന്നും അറിയാതെ അവൻ നിശ്ചേഷ്ടനായി അവിടെ നിന്നുപോയി.

ആ സ്വരൂപം വീണ്ടും പറഞ്ഞു:— "ദുഷ്ടാ! അന്നു ഞാൻ നിന്നെ വിട്ടയച്ചു. എന്തിനു്? എൻെറ രാധയെ വിചാരിച്ചു്. നീ എന്നെ അറിയുന്നില്ലേ? ഞാനാണോ കൊലപാതകി? പറയൂ, രാധേ കേൾക്കെ രാജു നിരപരാധിയെന്നു്. രാധേ! ഇവനാണു് രാമലാലിനെ അടിച്ചു

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

കൊന്നതു്. നിൻെറ സ്വപത്തെയോർത്തു് ഞാൻ ആ കററം സ്വയം ഏറെറടുത്തു. എൻെറ അവസാനത്തെ അഭിലാഷം ഈ കൃതഘ്നൻ നിഃസിച്ചു. പക്ഷെ, ദൈവം സാധിച്ചു തന്നു. നിന്നെയോർത്തു്, നിൻെറ സ്വപത്തെ കരുതി ഇതാ ഇപ്പോഴും ഇവനെ ഞാൻ വധിക്കുന്നില്ല. എനിക്കു സന്തോഷമായി. കഴുകുമരത്തിൽ ഞാൻ എന്തിനു കയറുന്നു. എൻെറ ജീവിതം ഞാൻ തന്നെ അവസാനിപ്പിച്ചേക്കാം. നിൻെറ സ്നേഹം..................

നെഞ്ചിനു നേക്കു നീട്ടിയിരുന്ന കൈത്തോക്കിൻെറ കാഞ്ചി രാജു താഴ്ത്തി. അവൻ നിലംപതിച്ചു. ചെടിയുടെ ശബ്ദം ഉറങ്ങിക്കിടന്നവരെ ഉണർത്തി. രാധ, രാജുവിനെ അവമാനത്തിൽനിന്നും രക്ഷിച്ച കൈത്തോക്കെടുത്തു പരിശോധിക്കുന്നതാണ് അവർ ആ മുറിയിൽ പ്രവേശിച്ചപ്പോൾ കണ്ടതു. ഇരട്ടക്കുഴലുള്ളതാണ് തൻെറ കൈയിലിരിക്കുന്ന തോക്കെന്നു മനസ്സിലായപ്പോൾ അവളുടെ മുഖം പ്രസന്നമായി. കൊലപാതകിയുടെ ഭാര്യാപദം ഒരു നിമിഷം പോലും താൻ ആഗ്രഹിക്കുന്നില്ലെന്നു് എല്ലാവരും കേൾക്കെ പറഞ്ഞുകൊണ്ടു് രാധയും രാജുവിനെ അനുഗമിച്ചു.

---

"എല്ലാററിലുമുള്ള നല്ല വശങ്ങൾ അറിയുകയും അഭിനന്ദിക്കുകയും ചെയ്യുന്നതിലാണ് സത്യപ്രതിപത്തി പ്രകാശിപ്പിക്കേണ്ടതു്. ശരിയെന്തെന്നു മനസ്സിലാക്കുന്നതിനെക്കാൾ തെററു കണ്ടുപിടിക്കാനെളുപ്പം. തെററ് ഉപരിതലത്തിൽതന്നെ കാണാം; പക്ഷെ, സത്യം അഗാധതലത്തിലാണ്."—ഗോയ്ഥേ.

പ്രകൃതിയും കാലവും ക്ഷമയുമാണ് ഒന്നാംകിടയിലുള്ള മൂന്നു വൈദ്യന്മാർ.—എച്ച്. ജി. ബോൺ.

സൗന്ദര്യത്തിൽ കുടികൊള്ളുന്ന സത്യമാണ് കവിത.
—ഗിൽഫില്ലാൻ.

---



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# കുരുക്ഷേത്രത്തിലെ അഭിമന്യു

Gopinatha Pillai II u. c.

i

അർക്കൻ പടിഞ്ഞാറു ചാഞ്ഞിരുന്നു;
പക്ഷികൾ കൂട്ടിലണഞ്ഞിരുന്നു;
അന്ധകാരത്തിൻ കറുത്ത വസ്ത്രം
ഭൂതലമാകെ മറച്ചിരുന്നു;
ഭീകര കാഴ്ചയാൽ സ്തബ്ധരെപ്പോൽ
നക്ഷത്രജാലം തുറിച്ചു നോക്കി;
യുദ്ധത്തിൽ ക്ഷീണിതരാം പടകൾ
കൈനിലപുക്കു ശയിച്ചിരുന്നു;
വീരഭടരുടെ ശോണിതത്താ-
ലക്കുരുക്ഷേത്രം കുതിർന്നിരുന്നു;
കൈകളും കാലും തലകളുമാ-
യുദ്ധോർവ്വിയെങ്ങും നിറഞ്ഞിരുന്നു;
അശ്വപ്രവീരരു മാനകളു-
മങ്ങിങ്ങു ചത്തു മറിഞ്ഞിരുന്നു;
ബാണതൂണീരവും ഖഡ്ഗങ്ങളും
നാഥനില്ലാതെ കിടന്നിരുന്നു;
അങ്ങിങ്ങു ജീവനും ജീവിതവും
തമ്മിലായ് യുദ്ധം നടന്നിരുന്നു;
മൃത്യുവാൽ ഗ്രസ്തരാമബ്ഭടരെ-
ക്ക്രോഷ്ടാക്കൾ മാന്തി ലിച്ചിരുന്നു;
ഊഴിത്തലവരായ് വാണോരെല്ലാം
പൂഴിയിലാണ്ടു കിടന്നിരുന്നു;
ഉച്ചാഭിലാഷത്തിൻ പാപഭാര-
മക്കുരുക്ഷേത്രം നിറഞ്ഞിരുന്നു.

അന്ധകാരത്തെപ്പിളർന്നു കീറി
പന്തങ്ങൾ രണ്ടെണ്ണം കാണ്മൂ, ദൂരെ,
ഇന്ദ്രാത്മജനാം ധനഞ്ജയനു-
മിന്ദ്രാനുജൻ നരകാരിയുമായ്
പന്തങ്ങൾ മിന്നിയാ ദേശമെങ്ങു-
മെന്തോ തിരഞ്ഞു നടന്നിരുന്നു.
ഹൃദയത്തെ നീററിപ്പടർന്നു കേറും
വ്യഥയാൽ കിരീടി തളർന്നിരുന്നു,
അവരതാ നില്ക്കുന്നു... കഷ്ടം! ജിഷ്ണു
പ്രവിശതയാർന്നു പതിച്ചു ഭൂവിൽ.

iii

നളിനമടർത്തു ഗജപ്രവീരൻ
പദഹതിയാലെ ഞെരിച്ചവണ്ണം
കുരുവീര പുത്ര ഗദാഹതിയാൽ
സുരനാഥ പൗത്രനഭിമന്യുതൻ
കനകക്കിരീട പ്രശോഭിതമാം
ശിരസ്സു ഞെരിഞ്ഞു കിടന്നിരുന്നു;
കനകക്കിരീടം തെറിച്ചു ദൂരെ
പൊടിമണ്ണിലാണ്ടു കിടന്നിരുന്നു;
കർണ്ണാദി സപ്തമഹാരഥർ തൻ
ചോര കുടിച്ചു കുതിർന്ന ഖഡ്ഗം
ദേഹത്തെ സൂക്ഷിക്കാനെന്നവണ്ണം
വാമഭാഗത്തു കിടന്നിരുന്നു.

... ... ...

വേദാന്തഗോവിന്നകിടിൽ നിന്നും
ഗീതാമൃതത്തെക്കറന്നെടുത്തു
ലൗകികമോഹ വിവശനായോ-
രക്കിരീടിക്കു കൊടുത്ത കൃഷ്ണൻ
ഹൃദയം പിളർക്കുമക്കാഴ്ചയാലെ
ഹൃദയം മരവിച്ചു നിന്നുപോയി.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# പൂക്കൾ — ഒരു നിരീക്ഷണം

*E. Deva Das—III u. c.*

വച്ചപ്പട്ട വിരിച്ചാലെന്നപോലെ നീണ്ടു നീണ്ടു കിടക്കുന്ന നെല്ലിൻപാടങ്ങളും അവയ്ക്കിടയിൽക്കൂടി വെള്ളിക്കസവുപോലെ പാട്ടും പാടി പതഞ്ഞു പായുന്ന പൂഞ്ചോലകളും കാററിൽ തലയാട്ടി രസിക്കുന്ന കേരനികരങ്ങളും നീലനീരദം പ്രതിബിംബിക്കുമാറു നിർമ്മലജലം കലർന്ന വിസ്തൃത തടാകങ്ങളും. ഒളിവിതറി മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ നിറഞ്ഞ രാത്രിയിലെ പ്രശാന്തഗഗനവും ആരെയും ആകർഷിക്കും. അതുപോലെ തന്നെ മധുരഗാനം പൊഴിച്ചു പറന്നു സഞ്ചരിക്കുന്ന പലനിറത്തിലും പല ജാതിയിലുമുള്ള പറവകളും നമുക്ക് ആനന്ദമരുളും. എന്നാൽ ഇതിലെല്ലാം ഉപരിയായി മനസ്സിനും നയനങ്ങൾക്കും കുളിരേകുവാൻ ശക്തിയുള്ളവയാണ് വിടർന്നു തൂമണം പാറി നിൽക്കുന്ന കുസുമസമൂഹങ്ങൾ. അവയെ നാം എവിടെ കണ്ടാലും കൗതുകത്തോടുകൂടി നോക്കി നിന്നുപോകും. വിവിധവർണ്ണങ്ങളിലുള്ള പൂക്കൾ നിറഞ്ഞ പൂന്തോട്ടത്തിൽ പോയിരുന്ന് സുരഭില പവനനേററു വിശ്രമിക്കുന്നതു് മനസ്സിനും ശരീരത്തിനും ഉന്മേഷവും, ആരോഗ്യവും നൽകുന്നതാണ്.

വിചിത്രതരമാണ് പൂക്കളുടെ ആകൃതി. നിറം ആകർഷകവുമത്രേ. പൂക്കളിൽ മണമുള്ളവയും ഇല്ലാത്തവയും ഉണ്ട്. അതിനാൽ പൂക്കൾക്ക് ജീവജാലങ്ങളെ ആകർഷിക്കുവാനുള്ള ശക്തി അവയുടെ ആകൃതിയൊ, വർണ്ണമോ, സൗരഭ്യമോ ഏതാണു നൽകുന്നതെന്നു നിർണ്ണയിക്കുക പ്രയാസമാണ്.

പല ആകൃതിയിലും പൂക്കൾ കാണപ്പെടുന്നുണ്ട്. താമരപ്പൂവ് (Lotus), പനിനീർപ്പൂവ് (Rose) തുടങ്ങിയവയുടെ ഇതളുകൾ (Petals) അടുക്കിവച്ചിരിക്കുന്നതു് വൃത്താകൃതിയിലാണ്. ചെമ്പരത്തി (Hileiscus rosasinensis), വേലിപ്പരുത്തി (Hibscus tiliaceus), പൂവരശ് (Thespesia Populnea) മുതലായവയുടെ പൂക്കളും വൃത്താകൃതിയിൽത്തന്നെ. ചില പൂക്കൾ (campanulate) മണിയുടെ ആകൃതിയിലുള്ളവയും മററു ചിലതു് (Infundibuli form)ഫണ്ണലിന്റെ ആകൃതി വഹിക്കുന്നവയും ആകുന്നു. ചിത്രശലഭങ്ങളുടെ ആകൃതിയിലുള്ളവയാണ് പയറുവർഗ്ഗത്തിൽപ്പെട്ട (Papilionacea family) ചെടികളുടെ പുഷ്പങ്ങൾ. അവയ്ക്കു സാധാരണയായി അഞ്ചുദളങ്ങൾ ഉണ്ടായിരിക്കും. അതിന്റെ മുകളിൽ കാണുന്ന പതാകാകൃതിയിലുള്ള ദളത്തെ പതാകദളം (standard petal) എന്നും, അടിവശത്തു് രണ്ടു ചിറകുകൾ പോലെയുള്ളവയെ പക്ഷദളങ്ങൾ (Wing Petal) എന്നും വിളിച്ചു വരുന്നു. ബാക്കിയുള്ള രണ്ടു ദളങ്ങൾ തമ്മിൽ ചേർന്ന് ഒരു വഞ്ചിയുടെ ആകൃതിയിലാണു കാണപ്പെടുന്നതു്. തോണിദളങ്ങളാണ് അവ (Keel Petal) സ്റ്റാമൻസും (Stamen), പിസ്റ്റിലും (Pistil) ഈ തോണി ദളങ്ങൾക്കകത്താണ് സ്ഥിതി ചെയ്യുന്നതു്.

ചെറുതരം പുഷ്പങ്ങളാണ് മുല്ല, പിച്ചി, തെററി തുടങ്ങിയവ. അവയുടെ ഇതളുകൾ നാലുപാടും സമാനങ്ങളായി വിരിഞ്ഞു നിൽക്കുന്നു. പ്രാണികളെ ആകർഷിക്കുവാനാണ് അവ കുലകളായി കാണപ്പെടുന്നതു്. തെററി (Ixora) യുടെ പൂങ്കുലകളിൽ പൂക്കളും മൊട്ടുകളും ഉണ്ടായിരിക്കും. ഈ വർഗ്ഗത്തിൽ (Rubiaceae family) പെട്ട മററു ചെടികളുടെ പൂക്കൾക്കും ഇതേ സ്വഭാവം തന്നെയാണുള്ളതു്.

രാജമല്ലി (Caesalpinia Pulcherrima) യുടെ വിരിഞ്ഞ പൂക്കൾ പൂങ്കുലകളുടെ അടിവശത്തും, ഇളംമൊട്ടുകൾ മുകൾഭാഗത്തും സ്ഥിതി ചെയ്യുന്നു. അശോകത്തിന്റെ പൂങ്കുലകൾ കൂടുതൽ ഭംഗിയുള്ളവയാണ്. അവയിലുള്ള പൂക്കൾക്കും മൊട്ടുകൾക്കും വളരെ നീളമുണ്ടായിരിക്കും. മാവ് (Mangifera Indica), പുന്ന (Callophyllum inophyllum), അരളി (Nerium) ഇവയുടെ പൂങ്കുലകളും മനോഹരങ്ങളും, നീളം കൂടിയവയുമാകുന്നു

വർണ്ണത്തിന്റെ മേന്മയും, വൈവിധ്യവുംമൂലം പൂക്കൾ നമ്മെ അതിയായി ആകർഷിക്കുന്നുണ്ട്. സാധാരണയായി രാത്രി വിരിയുന്ന പൂക്കൾ വെളുത്ത നിറത്തിലും, പകൽ വിരിയുന്നവ വിവിധ വർണ്ണങ്ങളിലുമായിട്ടാണ് കാണപ്പെടുന്നതു്. ജലത്തിൽ വളരുന്ന സസ്യവർഗ്ഗങ്ങളുടെ (Aquatic plants) പൂക്കൾ മിക്കവാറും പലതരം നിറങ്ങളുള്ളവയായിരിക്കും. ആമ്പലും (Nymphaea) താമരയും, (Nelumbium Speciosium) നമ്മെ അത്യധികം ആകർഷിക്കുന്ന പുഷ്പങ്ങളാണ്. മദ്ധ്യഭാഗം മഞ്ഞയും, ചുററും കടും നീലവുമായി ജലത്തിൽ വളരുന്ന ഒരു മനോഹര കുസുമമാണ് കരിങ്കുവളം.

മുല്ല, ജാതി, തുമ്പ, പുന്ന, പാല എന്നിവയുടെ പൂക്കൾക്ക് വെളുപ്പും, ചെമ്പരത്തി, വാക, അശോകം, മുരുക്ക്, തുടങ്ങിയ പൂക്കൾക്ക് ചുമപ്പുമാണുനിറം. ഇളം ചുമപ്പ്, വെളുപ്പ്, മഞ്ഞ കടും ചുമപ്പ് ഇങ്ങനെ പലതരം വർണ്ണങ്ങളിൽ പനിനീർപ്പൂക്കൾ കാൺമാനുണ്ട്. വെളുപ്പും ചുമപ്പും നിറങ്ങളിൽ ശംഖുപുഷ്പവും (clitoria) മഞ്ഞയും ചുമപ്പും നിറങ്ങളിൽ രാജമല്ലിയും, ജമന്തിയും, സൂര്യകാന്തിയും ശോഭിക്കുന്നു. കൊന്നപ്പൂവ് (Cassia flower) സ്വർണ്ണവർണ്ണത്തിൽ കാററിലുലയുന്നതു കാണാൻ കൗതുകം തോന്നും. ഇങ്ങനെ ഹരിതവർണ്ണം കലർന്ന വൃക്ഷങ്ങളും ചെടികളും, ലതകളും നാനാവർണ്ണങ്ങളിലുള്ള കുസുമങ്ങളാകുന്ന ആഭരണങ്ങളുമണിഞ്ഞു് നിൽക്കുന്നതു കണ്ടാൽ ആരാണ് ആനന്ദപുളകിതരാകാത്തതു്?

മണമുള്ള പുഷ്പങ്ങളോട് ജനങ്ങൾക്കുള്ള പ്രതിപത്തി ഒന്നു പ്രത്യേകമാണ്. പൂത്തു തൂമണം വിതറുന്ന ഇലഞ്ഞി മരത്തിന്റെ സമീപത്തിൽ നിൽക്കാൻ ആരാണ് ആഗ്രഹിക്കാത്തതു്? പുഷ്പങ്ങളുടെ രാജ്ഞിയെന്നു പറയപ്പെടുന്ന പനിനീർപ്പൂവിന്റെ മണം അനുഭവൈകവേദ്യമത്രേ. പൊൻനിറമുള്ള കൈതപ്പൂവിന്റെ സൗരഭ്യം പ്രസിദ്ധവും സ്ത്രീകൾക്കു പ്രത്യേകം ഇഷ്ടമുള്ളതുമാകുന്നു. അതുപോലെ തന്നെയാണ് ചെമ്പകപ്പൂവിന്റെയും മണം. മുല്ലമലരിന്റേയും പിച്ചിപ്പൂവിന്റെയും മണം അനുഭവിച്ചറിഞ്ഞതിന്റെ ഫലമായിട്ടാണ് കുഞ്ചൻ

MAR IVANIOS COLLEGE DIGITAL REPOSITORY

നമ്പ്യാർ "മുല്ലപ്പൂമ്പൊടിയേററു കിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം" എന്നു പാടിയിട്ടുള്ളത്. തുളസിയുടെ മണം സൗമ്യവും പാലപ്പൂവിന്റെ മണം രൂക്ഷവുമാണ്.

തരുലതാദികളുടെ അവയവങ്ങളിൽ പ്രാധാന്യം പുഷ്പത്തിനത്രെ. ഭാവിതലമുറയുടെ ഉൽപത്തിക്കു നിദാനമായ വിത്തിന്റെ ഇരിപ്പിടമാണ് അത്. ഒരു പൂവിന്റെ പ്രധാന ഭാഗങ്ങൾ അതിന്റെ കേസരങ്ങളും (Stamens), അണ്ഡാശയവും (Pistil) ആണ്. കേസരത്തിലെ പൂമ്പൊടി (Pollen grains) പരാഗണസ്ഥലത്തിൽ (Stigma) പതിച്ചാലേ സന്താനോൽപാദനം സാദ്ധ്യമാവൂ. അതിനുള്ള ഉപാധിയായിട്ടാണ് പൂക്കൾ പ്രധാനമായി ജന്തുക്കളെ ആശ്രയിക്കുന്നത്. ഭക്ഷിക്കുവാൻ വേണ്ടുവോളം പൂമ്പൊടിയും, കുടിക്കുവാൻ ധാരാളം മധുവും ശേഖരിച്ചുവച്ച്, മോഹനവർണ്ണവും സൗരഭ്യവുമുള്ള ഇതളുകൾ കൊണ്ട് പുഷ്പങ്ങൾ അവയെ ക്ഷണിക്കുന്നു. സാധാരണയായി പുഷ്പങ്ങളിൽ പരാഗവിതരണം നടത്താറുള്ള ചെറുപ്രാണികൾ വണ്ട്, തേനീച്ച, ചിത്രശലഭങ്ങൾ മുതലായവയാകുന്നു.

പൂക്കൾ എല്ലാം ഒരേ സമയത്തിൽ വിരിയുന്നില്ല. അതിലും ചില വ്യത്യാസങ്ങൾ കാണുന്നുണ്ട്. ചിലത് സൂര്യോദയത്തിലും മററു ചിലവ ചന്ദ്രോദയത്തിലും വിരിയുന്നു. ഉഷമലരി, നാലുമണിച്ചെടി (Mirabilis) മുതലായവയുടെ പൂക്കൾ കൃത്യസമയങ്ങളിൽ വിരിയുന്ന ഇനത്തിൽ ഉൾപ്പെടുന്നു.

വസന്തർത്തുവാണ് പൂക്കൾക്കുള്ള കാലം. അതിനാലായിരിക്കാം ഋതുക്കളിൽ അതിനു കവികൾ രാജത്വം കല്പിച്ചിരിക്കുന്നത്. വസന്തകാലത്ത് എന്നും പ്രഭാതസമയമായാൽ എവിടെ നോക്കിയാലും നമുക്കു ദൃശ്യമാകുന്നത് പല ആകൃതിയിലും വർണ്ണങ്ങളിലുമുള്ള പുഷ്പങ്ങൾ ഉദയസൂര്യന്റെ അരുണകിരണമേററു മോഹനവേഷം പൂണ്ടും മന്ദപവനന്റെ ആന്ദോളനസുഖമനുഭവിച്ച് പ്രസന്നഭാവത്തോടെ സൗരഭ്യം പ്രസരിപ്പിച്ചും നൃത്തം ചെയ്യുന്ന ഹൃദയഹാരിയായ കാഴ്ചയാണ്. മനുഷ്യന് നിർവൃതിയരുളുന്ന പല വസ്തുക്കളും ഈശ്വരസൃഷ്ടിയിലുണ്ടെങ്കിലും അവയിൽ അഗ്ര്യസ്ഥാനം പൂക്കൾ തന്നെയാണ് അർഹിക്കുന്നത്. അലങ്കാരത്തിനും ആരാധനത്തിനും പൂക്കൾക്ക് സ്ഥാനം ഉണ്ട്. ലൗകികസുഖം ഇച്ഛിക്കുന്നവരും, പാരത്രികസുഖം കാംക്ഷിക്കുന്നവരും ഒരു പോലെ പുഷ്പങ്ങളെ ബഹുമാനിക്കുന്നു. ഇത്രമാത്രം പ്രാധാന്യം വഹിക്കുന്ന പൂക്കൾ ഇല്ലായിരുന്നു എങ്കിൽ ലോകത്തിന്റെ അവസ്ഥ ഇന്ന് എന്തായിരുന്നേനെ?

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# ജീവിതം വീണ്ടും തളിർക്കുന്നു.

T. J. Benjamin III U. C.

i

ശാരദാംബരത്തിലെ
താരകൾ ജഗത്തിന്റെ
തരുകൾക്കുള്ളിൽ കണ്ടു
കാഞ്ചനക്കിനാവുകൾ
ആമ്പലിൻ ഹൃദയത്തി-
ലമ്പിളിക്കലമിന്നി
ചമ്പകം തോറും മുത്തു
മാലകൾ നിരന്നല്ലോ!
മല്ലികക്കുടങ്ങളാ-
ത്തെന്നലിൽ നൃത്തം വെച്ചു
ചില്ലകൾതോറും കൊച്ചു-
രാക്കുയിൽ ഗാനംപാടി
തൂവെള്ളി മുകിലുകൾ
വാനിടത്തുലഞ്ഞാടി
താമരക്കുളത്തിലെ
കൊച്ചു മീനുകൾപോലെ.
കാവുകൾ തോറും പൂത്ത
പാലകൾ മദിക്കവേ
മാവുകൾ തോറും മലർ-
ക്കുലകൾ ചലിക്കവേ
ചിന്തിച്ചു പോയ് ഞാനപ്പം,
കഴിഞ്ഞാ കാലത്തിന്റെ
നീറുന്ന സ്മരണയെൻ
കരളിൽ നുഴഞ്ഞേറി.
കൊഴിഞ്ഞാ വസന്തത്തെ-
യോർത്തു ഞാൻ കരഞ്ഞല്ലോ.
വേനലിൽ തകരുന്ന
കാട്ടു മുല്ലയെപ്പോലെ.

പൂവില്ലാ മലർക്കാവും
പാടാത്ത കുരുവിയും
പൂജിക്കയാണോ ഞാനീ
ജീവിതപ്പൂവാടിയെ?
മാധവ മാസത്തിന്റെ
മാധുരീ നാകത്തിന്റെ
ചുണ്ടുകൾ വിടർന്നില്ലേ?
ഭാവന തുടുത്തില്ലേ?
ഇന്നു ഞാൻ കരയുന്നു,
ജീവിതമെനിക്കൊരു
കാനനാന്തത്തിങ്കലെ-
ക്കരിരാവു പോലായി.
മാരി വില്ലു്കൊത്ത-
താരുണ്യം തികഞ്ഞോരാ
മാനിനിയെങ്ങാണെന്റെ
മാൻ മിഴിമറഞ്ഞെന്നോ?
പരമസ്നേഹത്തിന്റെ
പനിനീർ മലരേ നീ
വരില്ലേ, ഞെട്ടറ്റൊരി-
സൂര്യ കാന്തിയെക്കാണാൻ
ആറടി മണ്ണും ഒരു
കരിങ്കാ നിൻമുന്നിലെ
വാടാത്ത തുളസിയും
കണ്ടു ഞാനിരിക്കണോ?
നീരദം പോലെ പൊട്ടി-
പ്പെയ്തിട്ടും നയനങ്ങൾ
കാൺകയാണെന്നും നിന്റെ
'താജ്മഹാൾ' സ്മരണയിൽ.
ഇന്നു ഞാൻ 'ഹിരോഷിമ'
യാണു കാണ്മതു മുമ്പിൽ

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ഇല്ലല്ലാ വിടരുന്ന
മല്ലികപ്പൂവൊന്നുമേ!
ചിന്തകൾ വീണ്ടും ചലി-
ച്ചന്ധമായ് പറന്നെത്തി
മൃത്യുവിൻ പൂവാടിയിൽ
സ്നേഹത്തിൻ കുടീരത്തിൽ
മരണം ചുംബിക്കുവാൻ
കൊതിച്ചെന്നാധരങ്ങൾ
മരണത്തിൽക്കൂടെ ഞാൻ
കാണ്മൊരു നവലോകം.

ii

അലറും കടലിന്റെ
മുന്നിലായ് നിൽക്കുന്നു ഞാൻ
പടിഞ്ഞാറൻ കാററിന്റെ
മന്ത്രവും ശ്രവിക്കുന്നു.
ചക്രവാളത്തിൽ നിന്നു
നോക്കുന്നുണ്ടൊരു കൊച്ചു
വെള്ളി നക്ഷത്രം എന്റെ
സാഹസം കണ്ടീടുവാൻ.
വാ പിളർന്നടുക്കുന്ന
തിരകൾ ഗർജ്ജിക്കവേ
നീങ്ങി ഞാൻ കടലിന്റെ
മാറിലേക്കിറങ്ങുവാൻ.
കേട്ടു ഞാനകലത്തു
നിന്നൊരു നിലവിളി
ഞെട്ടി ഞാൻ വിഷമിച്ചെൻ
ഹൃദയം സ്തംഭിച്ചുപോയ്.
അങ്ങതാ നീങ്ങുന്നൊരു
രൂപമാവലയ്ക്കുള്ളിൽ
മൃത്യുവെപ്പുണരുവാ,
നന്ത്യമായുണരുവാൻ
മുഴങ്ങിയുച്ചത്തിലാ-
രോദനം വീണ്ടും വീണ്ടും

പിടയും ചോരക്കളത്തിൻ
ദീനമാം നിലവിളി
തുറന്നെൻ മിഴിയിണ
മരണം മറന്നു ഞാൻ
ചലിച്ചെൻ ചരണങ്ങൾ
കുതിച്ചെൻ തരംഗത്തിൽ.
പിടിച്ചു വലിച്ചേററി
തിരകൾക്കുള്ളിൽ നിന്നും
ഞെരങ്ങുന്നൊരാ കൃപാ-
പാത്രമാം യുവതിയെ
എത്രയും തളർന്നൊരെൻ
സിരകൾ മരവിച്ചു.
വീണ്ടുമങ്ങുയർന്നിതു
പൈതലിൻ നിലവിളി.
ആയിരം ചോദ്യങ്ങളെൻ
നാവിൽ നിന്നടർന്നപ്പോ-
ളായിരം സ്വപ്നങ്ങളെൻ
ചിന്തയിൽ രൂപം പൂണ്ടു.
നിറയും നയനങ്ങൾ
തുടച്ചു നീക്കിക്കൊണ്ടു
ഗദ്ഗദത്തോടങ്ങവൾ
പറയാൻ തുടങ്ങിനാൾ.

iii

"പാവമായ് ജനിച്ചു ഞാൻ
തെരുവിൽ വളർന്നു ഞാൻ
ജീവിതം പിച്ചപ്പോണി
ക്കുള്ളിലങ്ങൊതുക്കി ഞാൻ
യൗവനം തളിരിട്ടു
പൂക്കുവാൻ തുടങ്ങവേ
നാണയക്കിലുക്കത്തിൽ
മാറെറാലിയെങ്ങും കേട്ടു.
ഞാനാരും സ്നേഹിക്കുന്ന
സർവ്വസമ്പത്തായ് മാറി

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ആരെയും കണ്ടില്ല ഞാൻ
ശാശ്വതമായിട്ടെങ്ങും.
പട്ടണത്തെരുവിലെൻ
നാളുകൾ നീങ്ങിപ്പോയി
പട്ടിണിയൊരുക്കുവാൻ
പട്ടടയൊരുക്കുവാൻ
അരുമക്കുഞ്ഞും ഞാനും
പാപവും പേറിക്കൊണ്ടാ-
തെരുവിൻ മടിത്തട്ടി
ലെത്രനാൾ കഴിയണം?"
നിറഞ്ഞെൻ മിഴികളിൽ
ചെന്നിണക്കണികകൾ
തടിച്ചു ചിത്തത്തിലൊ-
രായിരം വികാരങ്ങൾ.
"പോരു നീ യെന്നോടൊത്തു
ജീവിതം നയിക്കുവാൻ
പോരുക നമുക്കു നൽ
ജീവിതം തുടങ്ങിടാം."
നാലുകൺകളിൽ നിന്നു-
മായിരം മുത്തിൻഗണം
ചേലെഴും മണൽത്തരി-
ത്തിട്ടമേൽ പതിക്കവേ,

തരുക്കൾ ചലിച്ചില്ല,
താരകൾ ചിരിച്ചില്ല,
കുയിലേ, ഗാനം പാടി
കാവുകളുണർത്തില.
അവൾ തൻ കരങ്ങളു
ഗ്രഹിച്ചു മുന്നോട്ടേയ്ക്കു
നീങ്ങി ഞാനൊരു കൊച്ചു
ജീവിതം തളിർപ്പിക്കാൻ
ഞാനുമച്ചോരക്കുഞ്ഞു
മമ്മയും നീങ്ങീടുന്നു,
ജീവിതത്തിന്റെ മധു
മുന്തിരിത്തോട്ടം കാണാൻ.
ജീവിതം തളിർക്കുന്നു
വേനലിൽ വളർന്നോരു
പൂവനം തളിർക്കുന്നു
വസന്തം തെളിയുന്നു,
ശാരദാംബരത്തിലെ
ത്താരകൾ ജഗത്തിന്റെ
താരുകൾക്കുള്ളിൽ കണ്ടു
കാഞ്ചനക്കിനാവുകൾ.

# വിധിവിലാസം—ഒരു നിരീക്ഷണം

*K. Sukumaran Nair—IV U. C.*

വാല്മീകി, കാളിദാസൻ, ഷേക്സ്പീയർ, ഹോമർ, ടാഗ്ഗോർ മുതലായ മഹാകവികൾ ലോകത്തിനൊട്ടുപകാരത്തിനായി ജനിച്ചിട്ടുള്ളവരാണു്. അവരുടെ കൃതികൾ ഒരു ദേശത്തെയോ, കാലത്തെയോ ജനങ്ങളുടെ തൃഷ്ണയെ ശമിപ്പിക്കുവാൻ മാത്രമുള്ളവയല്ല. അവ സൂര്യചന്ദ്രമസ്സുകളെപ്പോലെ ഏതു കാലത്തെ ജനങ്ങളുടേയും നന്മയെ ഉദ്ദേശിച്ചു രചിക്കപ്പെട്ടിട്ടുള്ളവയാണു്. എത്ര ഭാഷാന്തരങ്ങൾ ഏതെല്ലാം രൂപത്തിൽ അത്തരം കൃതികൾക്കു് ഉണ്ടായാലും ജനങ്ങൾ അവയെ സന്തോഷപുരസ്സരം സ്വാഗതം ചെയ്യുന്നതാണു്.

വിശ്വമഹാകവി രവീന്ദ്രനാഥടാഗ്ഗോറിന്റെ തൂലികാഗ്രത്തിൽനിന്നു വിനിർഗ്ഗളിച്ച ഒരു ഉത്തമസാമുദായിക നോവലായ "ദിറെക്ക്" എന്ന സാഹിത്യകൃതിയുടെ സരളമധുരമായ വിവർത്തനമാണു് "വിധിവിലാസം." കഥാശരീരത്തിൽ വിവർത്തകൻ വലിയ വ്യതിയാനങ്ങൾ വരുത്തിയിട്ടില്ല. പ്രണയത്തിന്റെയും ദാമ്പത്യത്തിന്റെയും വിപുലാന്തരീക്ഷത്തിൽ വിധിവിലാസത്താലുണ്ടാകുന്ന മാററങ്ങളാണു് പ്രസ്തുത ഗ്രന്ഥത്തിന്റെ ഉള്ളടക്കം. സദാചാരതത്വസംഹിതയിൽ നിമഗ്നരായിക്കഴിയുന്ന കഥാപാത്രങ്ങൾമൂലം ജീവിതതത്വചിന്തയ്ക്കു സജീവപ്രേരണ നൽകുന്ന അമൂല്യമായ സദാചാരനിയമങ്ങൾ ഈ ഗ്രന്ഥത്തിൽ ഉടനീളം തെളിഞ്ഞു കാണുന്നു. ജീവിതത്തെയും ജീവിതയാഥാർത്ഥ്യത്തെയും സംബന്ധിച്ച പ്രശ്നങ്ങളെ ഏററവും സമർത്ഥമായും സമഗ്രമായും പ്രതിപാദിക്കുന്ന ഈ സാഹിത്യകൃതിയിൽ പ്രാചീനഭാരതീയാചാരങ്ങളുടേയും സംസ്ക്കാരത്തിന്റെയും നിഴൽപ്പാടുകൾ വലയം ചെയ്തിരിക്കുന്നില്ലേ?

ഏതെങ്കിലും ഒരു കാലത്തെ ചരിത്രം കല്പിത കഥാപാത്രങ്ങൾ വഴിയായി പ്രകടിപ്പിക്കുകയാണല്ലോ സാമുദായികാഖ്യായികകളുടെ രീതി. ബംഗാളികളുടെ സംസ്ക്കാരം, സാമുദായിക നിലപാടു് എന്നിവയെ ചിത്രീകരിച്ചുകൊണ്ടു് തദ്വാരാ, ഭാരതത്തിന്റെ അന്നത്തെ സാമുദായികാന്തരീക്ഷത്തെ ഗ്രന്ഥകർത്താവു് സരളവും സുന്ദരവുമായ രീതിയിൽ പ്രതിപാദിച്ചിരിക്കുന്നു. മതനിഷ്ഠയിലും ദൈവവിശ്വാസത്തിലും കെട്ടിപ്പടുത്തിട്ടുള്ള ഭാരതത്തിലെ പ്രധാന ജനത ഹിന്ദുക്കളാണല്ലോ. അവരുടെ ജീവിതത്തെ വിശകലനം ചെയ്തു തന്നെയാണു് വിധിവിലാസം മുന്നോട്ടു നീങ്ങുന്നതു്.

വർണ്ണാശ്രമ ധർമ്മത്തെ രണ്ടു വിവിധ ശാഖകളായി പിരിച്ചിരുന്ന കാലഘട്ടത്തിലത്രെ കഥ നടക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നതു്. യാഥാസ്ഥിതികന്മാരും ബ്രഹ്മസമാജക്കാരും അവരവരുടെ സ്ഥാപിത താൽപര്യങ്ങൾക്കു വേണ്ടി മുറവിളി കൂട്ടിയിരുന്ന ഒരു കാലഘട്ടം! ഈ സാമുദായിക ഭിന്നിപ്പുകൾക്കു പ്രാതിനിധ്യം വഹിക്കുന്ന രണ്ടുത്തമ ബ്രാഹ്മണ കുടുംബങ്ങളാണു് അന്നദബാബുവിനും വ്രജേന്ദ്രബാബുവിനും ഉണ്ടായിരുന്നതായി കാണുന്നതു്—ആചാര

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ങ്ങളിൽ നിന്നും അണുമാത്രം വ്യതിചലിക്കാത്ത യാഥാസ്ഥിതിക സമുദായത്തെ പ്രതിനിധീകരിച്ചുകൊണ്ട് വ്രജേന്ദബാബുവിൻെറ കുടുംബവും, കാലാനുകൂലമായ പരിവർത്തനത്തിനു വിധേയമായിക്കഴിയുന്ന ബ്രഹ്മസമാജസമുദായത്തിലുൾപ്പെട്ട അന്നദബാബുവിൻെറ കുടുംബവും നിലകൊള്ളുന്നുണ്ട്.

യാഥാസ്ഥിതികമനോഭാവത്തിൻെറ സജീവ ചിത്രീകരണമായ വ്രജേന്ദ്രബാബുവിൻെറ ഏക സന്താനമാണ് രമേശൻ. വിദ്യാസമ്പന്നനും യുവകോമളനുമായ രമേശൻ സൽഗുണസമ്പന്നയും സൽകുലജാതയുമായ ഹേമനളിനിയുടെ സൗന്ദര്യാരാധകനാണ്. സീമാതീതമായ അന്യോന്യ പ്രണയം ആ യുവഹൃദയങ്ങളെ കൂട്ടിയിണക്കി—ഈ ഭാഗത്തിൽ ദമ്പതിമാരുടെ പരസ്പരാനുരാഗജന്യമായ വിവാഹത്തെ മഹാകവി സ്വാഗതം ചെയ്യുകയാണെന്നു തോന്നുന്നു—ഇക്കാര്യം മനസ്സിലാക്കിയ വ്രജേന്ദ്രബാബുവാകട്ടെ രമേശനെക്കൊണ്ടു സുശീലയെ വിവാഹം കഴിപ്പിയ്ക്കുകയാണല്ലോ ചെയ്യുന്നത്. തികച്ചും കരിമ്പാറയെക്കാൾ കഠിനമായ നിയമങ്ങളുടെയും ആചാരങ്ങളുടെയും മുന്നിൽ തല താഴ്ത്താതിരിക്കാൻ രമേശനു കഴിഞ്ഞില്ല.

വധുവിൻെറ ആഗമനവേളയിൽ വരൻ നമ്രമുഖനായി നിൽക്കുന്ന ഒരു കാലഘട്ടത്തിലാണ് കഥ നടക്കുന്നതെന്നുവേണം ഊഹിക്കുവാൻ. ഭാരതത്തിൽ, വിശേഷിച്ച് ബംഗാളിബ്രാഹ്മണരുടെയിടയിൽ ബാല്യവിവാഹം നടപ്പിലുണ്ടായിരുന്നെന്ന് പ്രസ്തുത സാഹിത്യകൃതി അനുവാചകരെ അനുസ്മരിപ്പിക്കുന്നുണ്ട്. ഈ ബാല്യവിവാഹരീതിയെ മഹാകവി കഠിനമായി ഭർത്സിക്കുന്നുണ്ടെന്നു രമേശൻെറയും സുശീലയുടെയും വിവാഹത്തിലൂടെ നമുക്കു കാണാൻകഴിയും.

രമേശൻെറ വിദേശ വിദ്യാഭ്യാസത്തെ ചിത്രണം ചെയ്തുകൊണ്ട് ഗ്രന്ഥകർത്താവ് അന്നത്തെ ബംഗാൾ സമുദായാന്തരീക്ഷത്തിൽ ഉപരിവിദ്യാഭ്യാസത്തിന് മാന്യസ്ഥാനം കല്പിച്ചിരുന്നുവെന്ന് തെളിയിക്കുന്നു. കൂടാതെ, വിദേശങ്ങളിൽ ഉന്നതവിദ്യാഭ്യാസത്തിനു പോകുന്ന യുവാക്കളെ ജാമാതാക്കളായി ലഭിക്കുവാൻ പല മാതാപിതാക്കന്മാരും ആഗ്രഹിച്ചിരുന്നു. ഹേമനളിനിയെ പാശ്ചാത്യ വിദ്യാഭ്യാസ ബിരുദധാരിയായ ഒരു യുവാവിനെക്കൊണ്ട് വിവാഹം ചെയ്യിക്കണമെന്നായിരുന്നല്ലോ അന്നദബാബുവിൻെറ വിചാരം.

അന്നത്തെ വിദ്യാഭ്യാസരീതിയിൽ ബംഗാളിൽ ബോർഡിംഗ്സ്കൂൾ വിദ്യാഭ്യാസനയത്തിന് ഒരുയർന്ന സ്ഥാനം കല്പിച്ചിരുന്നുവെന്നു കാണുന്നു. ബോർഡിംഗ്സ്കൂളിലെ ജീവിതത്തിനുശേഷം കമല നഭസ്സിനെയും, വായുവിനെയും, വെളിച്ചത്തെയും എന്നുവേണ്ട അവൾക്കു ചുററുമുള്ള സകലതിനേയും തൻെറ സ്വൈരയൂഥത്തിലേക്കാകർഷിച്ചു പോലും!

മനുഷ്യസ്നേഹിയായ ത്രൈലോക്യചക്രവർത്തിയുടെ കമലയോടുള്ള പുത്രീസഹജമായ വാത്സല്യവും, അവൾക്കു സഹായം ചെയ്യുന്നതിലുള്ള ഔൽസുക്യവും അദ്ദേഹത്തിൻെറ ഹൃദയവിശാലതയെ ചൂണ്ടിക്കാണിക്കുന്നുണ്ട്. അത്തരമാളുകൾ അന്നും സമുദായത്തിൽ വിരളമല്ലെന്നും, കാണിച്ചുകൊണ്ട് മഹാകവി അദ്ദേഹത്തെ അഭിനന്ദിക്കുകയാണെന്നു വിചാരിക്കാൻ പ്രയാസമില്ല

കേരളീയ ബ്രാഹ്മണരുടെ സാമുദായികനിയമങ്ങളിൽനിന്നും തികച്ചും വിഭിന്നമായ ഒരു സമുദായാന്തരീക്ഷത്തിലത്രേ ബം



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ഗാളി ബ്രാഹ്മണർ കഴിഞ്ഞുകൂടിയിരുന്നതെന്ന് അവരുടെ ആചാരങ്ങളുടെ രൂപവൽക്കരണത്തിൽ ശ്രദ്ധ പതിച്ചുകൊണ്ട് ഗ്രന്ഥകർത്താവ് നമ്മെ അനുസ്മരിപ്പിക്കുന്നു. ബോട്ടിലെ യാത്രാവേളയിൽ കമല തൻെറ ഭൃത്യനുമൊന്നിച്ചു മത്സ്യമാംസാദികൾ പാകം ചെയ്യുന്നതായി കാണുന്നുണ്ട്. അതിൽ നിന്നും മത്സ്യമാംസാദികൾ അന്ന് ബംഗാളിബ്രാഹ്മണർ ഉപയോഗിച്ചിരുന്നു എന്നു വേണം വിചാരിക്കുവാൻ.

"അന്യജീവനുതകി സ്വജീവിതം ധന്യമാക്കു"ന്ന ചക്രവർത്തിയെപ്പോലുള്ള മഹാന്മാരെ ഒരുവശത്തു ചിത്രീകരിക്കവേ മറുവശത്ത് മററുള്ളവരെല്ലാം തനിക്കുവേണ്ടി ജീവിക്കണമെന്നാഗ്രഹിക്കുന്ന ഒരു കഥാപാത്രത്തെയാണ് നിബെങ്കലിയിൽക്കൂടി കവി വെളിവാക്കിയിരിക്കുന്നത്. അപ്പോൾ ഭൃത്യവർഗ്ഗത്തിൻെറ ന്യായമായ അവകാശങ്ങളിൽനിന്നും അനുഗ്രഹങ്ങളിൽനിന്നും അവരെ വ്യതിചലിപ്പിച്ചിട്ടു സ്വസുഖത്തെ കാംക്ഷിക്കുകയെന്നതു ഇന്നത്തെ മാത്രം നടപ്പല്ല. അന്നത്തെ സമുദായവും ഏറെക്കുറെ ഇതുപോലെ തന്നെയായിരുന്നുവെന്നു മഹാകവി വ്യഞ്ജിപ്പിക്കുന്നു.

ബ്രാഹ്മണരുടെയിടയിൽ പുനർവിവാഹം സ്ത്രീകൾക്ക് അന്ന് നിഷിദ്ധമായിരുന്നു. ഏകഭാര്യാവ്രതം സമുദായസംസ്കരണത്തിന് അത്യാവശ്യമാണെന്നും പുനർവിവാഹം അനാശാസ്യമാണെന്നും വിശ്വസിച്ചിരുന്ന ഒരു കാലഘട്ടത്തിലത്രെ കഥ നടക്കുന്നതായി വർണ്ണിച്ചിരിക്കുന്നത്.

ബംഗാളികളുടെ സംസ്കാരവും സമുദായവും തമ്മിലുള്ള ബന്ധം, ആദ്യകാലത്തെ ആര്യസംസ്കാരപ്രവാഹംകൊണ്ടും ആധുനികകാലത്തെ പാശ്ചാത്യസംസ്കാരപ്രവാഹംകൊണ്ടും സങ്കീർണ്ണമായിരുന്നുവെന്ന് വർണ്ണാശ്രമധർമ്മത്തിന് പ്രാധാന്യം നൽകിക്കൊണ്ടു ഗ്രന്ഥകാരൻ വിശദമാക്കിയിട്ടുണ്ട്.

"പാതിയും പുരുഷൻ ഭാര്യയെന്നറിഞ്ഞാലും" എന്നു സരസമധുരമാംവണ്ണം പാടി സ്ത്രീപുരുഷസമത്വം നിലനിർത്തിയിരുന്ന ഭാരതത്തിൽ "ന സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്ന മൊഴി പാരമ്പര്യമായി വന്നുചേർന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് കഥാപാത്രങ്ങളുടെ സ്വഭാവരൂപവൽക്കരണത്തിൽ പരിപൂർണ്ണമായി ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്.

ഭാരതീയർ, പാശ്ചാത്യരെ അനുകരിക്കാനും അനുസരിക്കാനും, പല പ്രകാരേണ ശ്രമിച്ചിട്ടുണ്ടെന്ന് അന്നദബാബുവിൻെറ വസതിയിൽ പല പ്രാവശ്യം നടക്കുന്ന ചായസൽക്കാരത്തിൽ നിന്നും തെളിയുന്നില്ലേ?

വിധിവിലാസത്തിൽ സത്യവും സ്നേഹവും സൗന്ദര്യവും സ്വാതന്ത്ര്യവും സാഹോദര്യവും ഒത്തിണങ്ങിയിട്ടുള്ള ഒരുത്തമ ലോകത്തെയാണ് മഹാകവി വിഭാവന ചെയ്തിരിക്കുന്നത്.

സാമുദായികമായുള്ള നോവലുകൾക്കു ജനസമുദായത്തിലെ അനാചാരങ്ങൾ ദൂരീകരിച്ച് സദാചാരപരമായി പ്രചോദനം നൽകുന്നതിനു ശക്തിയുണ്ടെന്നും അത്തരം നോവലുകൾ ഈ വിഷയത്തിൽ അർഹിക്കുന്ന ശക്തി അവർണ്ണനീയമാണെന്നും "വിധിവിലാസം തെളിയിക്കുന്നു.

ഗുണദോഷസമ്മിശ്രമായ മനുഷ്യസ്വഭാവത്തെ വർണ്ണിച്ചുകാണിച്ച് ലോകത്തിൻെറ യഥാർത്ഥ പ്രതിച്ഛായകളെന്നുതോന്നിക്കുന്ന പാത്രങ്ങളാൽ അലംകൃതമായ ഒരു കഥാവിഷ്കരണമത്രെ വിധിവിലാസത്തിലടങ്ങിയിട്ടുള്ളത്. അങ്ങിനെ മനുഷ്യസ്വഭാവവും സമുദായരീതിയും അതിൻെറ ഗതിവിഗതികളും സൂക്ഷ്മമായി ചിത്രണം ചെയ്തിട്ടുള്ള ഒരു സാമുദായികനോവലാണു വിധിവിലാസം.

# ഗീതി കാവ്യങ്ങൾ

(Varughese Mathew II U. C.)

"താജ്മഹാൾ—മനോജ്ഞമായ ശവകുടീരം, ഷാജഹാൻ ചക്രവത്തി ഇങ്ങനെ പ്രേമഭാജനത്തിന്റെ സ്മരണ പുലത്തി; വെൺകുളിർ കല്ലുകൾ കൊണ്ടാണു് അതു് കെട്ടിപ്പടുത്തിട്ടുള്ളതു്. ചക്രവത്തിനിയുടെ അവശേഷങ്ങൾ ഉള്ളടക്കം ചെയ്തിട്ടുള്ള ഈ ചൈത്യത്തിന്റെ ശില്പവേല അത്ഭുതകരംതന്നെ. ചന്ദ്രികയുള്ളപ്പോൾ ഇതൊന്നു കാണേണ്ടതാണു്"—താജ്മഹാളിനെക്കുറിച്ചു് ഒരു വർണ്ണനയാണിതു്. മറെറാരു വർണ്ണന നോക്കുക:—"താജ്മഹാൾ പരിശുദ്ധ പ്രേമത്തിന്റെ കലാരൂപം; ഷാജഹാൻ ചക്രവത്തിയുടെ വിരഹവേദനയുടെ ഒരു ഉത്തമ നിദർശനം; കണ്ണുനീരിന്റെ സൗന്ദര്യമാണു് ആ ശ്ലക്ഷ്ണശിലകളിൽ പ്രസ്ഫുരിക്കുന്നതു്. ആ സ്നേഹധനന്റെ സ്നിഗ്ദ്ധങ്ങളും മൃദുലങ്ങളുമായ കൺപീലികൾകൊണ്ടു് ഈ കലാപൂർണ്ണതയെ പിളന്നു് അതിൽ നിത്യവിശ്രമംകൊള്ളുന്ന തന്റെ പ്രേമസമ്പത്തിനെ നോക്കി അദ്ദേഹം എത്ര പ്രാവശ്യം ഇന്ദ്രിയാതീതമായ സമാഗമസുഖം അനുഭവിച്ചിട്ടില്ല! സംശുദ്ധമായ ദാമ്പത്യ ബന്ധത്തിന്റെ രഹസ്യങ്ങളാണു് അതിൽ ഭദ്രമായി സൂക്ഷിച്ചിട്ടുള്ളതു്. മാനവന്റെ പ്രേമപ്രകർഷം !! ഇവിടെ ഒരു നിമിഷമെങ്കിലും നിൽക്കുന്ന ഒരു സഹൃദയന്റെ ഉൾത്തടം, ആ ശ്ലക്ഷ്ണശിലകളിൽ വീഴുന്ന ചന്ദ്രരശ്മികളെന്നപോലെ—തരളിതമാകാതിരിക്കുകയില്ല"

ഈ വർണ്ണനകൾ രണ്ടും താജ്മഹാളിനെക്കുറിച്ചുള്ള ചില വസ്തുതകൾ അനുവാചകരുടെ ബോധകേന്ദ്രത്തിൽ എത്തിക്കുന്നില്ലേ? ഒന്നാമത്തെ വർണ്ണന അതിനപ്പുറത്തൊന്നും സാധിക്കുന്നില്ല. അതിൽ വിവരിച്ചിട്ടുള്ളതെല്ലാം സത്യമാണു്. പക്ഷെ അതിനു് നമ്മുടെ വികാരങ്ങളെ തട്ടിയുണത്തുവാൻ കഴിവില്ല. അതിനു് കാരണവും ഉണ്ടു്. വക്താവിനു് ഒരു സുന്ദരാനുഭൂതിയും ഉണ്ടാകുന്നില്ല. എന്നാൽ രണ്ടാമത്തേതിൽ വർണ്ണന പ്രാപഞ്ചിക വസ്തുസ്ഥിതിയിൽ നിന്നും ചിലേടത്തെല്ലാം വ്യത്യസ്തമായി നിൽക്കുന്നു. അതു് കുറേക്കൂടി സജീവമാണു്. താജ്മഹാളിനു്, അഭിനവവും, അഭിരാമവുമായ ഒരു ആകാരവൈശിഷ്ട്യമാണു് ഈ വർണ്ണന നിമ്മിച്ചുകൊടുക്കുന്നതു്. ബോധഭാവങ്ങളുടെ മണ്ഡലത്തിൽ കാന്തി ചിന്തി നിൽക്കുന്ന ആ നിമ്മാണകലാവിശേഷത്തിനു ചുററും ഒരു വികാര പരിവേഷം തെളിഞ്ഞുകാണുന്നുണ്ടു്. ഇവിടെ വക്താവിനു് ഒരു പ്രത്യേകാനുഭൂതി സഞ്ജാതമായിരുന്നെന്നുള്ളതിനു് സന്ദേഹമില്ല. അയാളുടെ പദനിബന്ധനാ ചാതുര്യംമൂലം തത്തുല്യമായ ഒരനുഭൂതി അനുവാചകന്മാക്കും ഉണ്ടാകുന്നു. ഈ അനുഭൂതി നൽകിയ വാക്യമോ വാക്യങ്ങളോ യഥാത്ഥ കവിതയാണു്.

ഉത്കൃഷ്ടാനുഭൂതിയുടെ മഞ്ജുളഭാഷയാണു് കവിത. അതു് കവിയുടെ ക്രാന്ത

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ദർശനത്തിന്റെ പാദരൂപത്തിലുള്ള ചിത്രമാണ്. പ്രകൃതിയുടെ ശരിപ്പകർപ്പല്ല. എന്നാൽ പ്രകൃതിയാണ് പ്രതിപാദ്യങ്ങൾ നൽകുന്നത്. പക്ഷെ കവി അവയുടെ അടിമയല്ല. പ്രകൃതിയുടെയും പ്രപഞ്ചത്തിന്റെയും വേദനയും ആഹ്ലാദവും കവിയുടെ വികാരലഹരിയുടെ കീഴിലാണ്. പ്രപഞ്ചത്തെ പൂനിലാവിൽ കുളിപ്പിച്ച് തൈത്തെന്നലിൽ താരാട്ടുവാൻ കഴിയും.

ഫൽഗുഹസ്തിനിയുടെ ചന്ദ്രക്കലാവർണ്ണനം നോക്കുക.

"ത്രിനയനജടാവല്ലീപുഷ്പം; നിശാവദന
സ്മിതം;
ഗ്രഹകിസലയം; സന്ധ്യാനാരീനിതം
ബനവക്ഷതിഃ
